# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.23 | No.7 | കാർത്തികപ്പള്ളി | R.No. 7361/02 | 2023 JULY

RNI Reg.No.KERMAL/2002/7361 Postal Reg. No. KL/MVK/184/2021-23 Licence No. KL/CR/MVK/WPP-03/2021-23. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## പാറവീടുകളുടെ ഗ്രാമം



ദൂരെ നിന്നു നോക്കിയാൽ വലിയൊരു തേനീച്ചക്കൂട്! അതേ നിറം, ഇടയ്ക്കിടയ്ക്ക് ദ്വാരങ്ങൾ... അടുത്തു ചെന്നാലറിയാം, അതെല്ലാം 'പാറവീടു'കളാണ്!

ഇറാനിലെ കിഴക്കൻ അസബൈഷാനിലെ സഹാന്ദ് പർവ്വതത്തിന്റെ താഴ്വരയിലാണ് 'കാണ്ടവൻ' എന്ന ഈ ഗ്രാമമുള്ളത്. പാറ തുരന്നുണ്ടാക്കിയ വീടുകളാണ് താഴ്വര നിറയെ. ജനാലകൾ ഗ്ലാസ്സുകൾ നൽകി മനോഹരമാക്കിയിട്ടുണ്ടെന്നു മാത്രം. ചില വീടുകളുടെ 'പാറഭിത്തി'ക്ക് രണ്ടു മീറ്റർ വരെ കനമുണ്ട്. 7000 വർഷമാണ് ഈ പാറവീടുകളുടെ പഴക്കം കണക്കാക്കുന്നത്.

ആയിരക്കണക്കിനു വർഷങ്ങൾ ക്കുമുമ്പ് മംഗോളിയൻ ആക്രമണത്തിൽ നിന്നു രക്ഷപ്പെട്ടോടിയ ആളുകളാണ് ഇവിടെ താമസക്കാരായത് എന്നാണ് ചരിത്രം. ജനവാസമുള്ള പാറവീടുകളുള്ള ഒരേയൊരു ഗ്രാമമാണിത്. എഴുനൂറിൽ താഴെയാണ് ഇവിടത്തെ ജനസംഖ്യ.

## നരയുടെ രഹസ്യം

മുടി നരയ്ക്കുന്നതിന്റെ പിന്നിലെ രഹസ്യം കണ്ടെത്തി. ഇനി മരുന്നുകൾ യാഥാർഥ്യമാകാനുള്ള കാത്തിരിപ്പ്. ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിലെ ഗ്രോസ്മാൻ സ്കൂൾ ഓഫ് മെഡിസിനിലെ ശാസ്ത്രജ്ഞരാണു ഗവേഷണം നടത്തിയത്. ആദ്യഘട്ടത്തിൽ എലികളിലായിരുന്നു പരീക്ഷണം. പ്രായമായ എലികളിൽ രോമത്തിലുണ്ടാകുന്ന മാറ്റമാണു ശാസ്ത്രജ്ഞർ ആദ്യം ശ്രദ്ധിച്ചത്. മനുഷ്യരിലും കാണപ്പെടുന്ന മെലനോസൈറ്റ് മൂലകോശങ്ങളിലേക്ക് പിന്നീട് അവർ ശ്രദ്ധകേന്ദ്രീകരിച്ചു. അവ രോമത്തിന്റെ ആരോഗ്യത്തെ സ്വാധീനിക്കുന്നതായി ക



ണ്ടെത്തി. പരീക്ഷണങ്ങളിൽ മെലനോസൈറ്റ് മൂലകോശങ്ങൾ മനുഷ്യമുടിയുമായുള്ള ബന്ധവും കണ്ടെത്തി.

ഇതോടെയാണു തലമുറകളായി പുരുഷന്മാരും സ്ത്രീകളും മറയ്ക്കാൻ ശ്രമിച്ച വാർദ്ധക്യത്തിന്റെ അടയാളം ഒഴിവാക്കാനുള്ള മാർഗം തെളിഞ്ഞത്.

## വളഞ്ഞ കാട്

ഇംഗ്ലീഷിലെ 'J' എന്ന അക്ഷരം പോലെ വളഞ്ഞുനിൽക്കുന്ന പൈൻ മരങ്ങൾ! പോളണ്ടിലെ ഗ്രിഫിനോ പട്ടണത്തിനടുത്തുള്ള നോവ് സാർനോവോ ഗ്രാമത്തിലെ 'ക്രൂക്കെഡ് ഫോറസ്റ്റി'ലാണിത്. നാനൂറിലേറെ പൈൻ മരങ്ങളുള്ള ഈ തോട്ടത്തിൽ ഏകദേശം നൂറിൽത്താഴെ മരങ്ങൾ മാത്രമേ 'J' പോലെ വളഞ്ഞ് നിൽക്കുന്നുള്ളൂ. 1930 കളിലാണ് ഈ മരങ്ങൾ നട്ടുപിടിപ്പിച്ചത്. ചുവട്ടിൽ നിന്നും ആദ്യം വശത്തേക്ക് വളയുന്ന മരം പിന്നീട് നേരെ മുകളിലേക്ക് 50 അടിവരെ വളർന്നതായി കാണാം. എന്തു കൊണ്ടാണ് മരങ്ങളിൽ ഈ വളവ്? ഇതേക്കുറിച്ച് പല അഭിപ്രായങ്ങളുണ്ട്. ബോട്ടുകളും മേശയും മറ്റും നിർമ്മിക്കാനായി 'വളഞ്ഞ തടികൾ' പ്രത്യേകം വളർത്തി എടുത്തതാകാം എന്ന് ചിലർ പറയുന്നു. ഇതിനുവേണ്ടി കർഷകർ മരങ്ങളിൽ എന്തോ ചെറിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടാകാം. മഞ്ഞുവീഴ്ച, ഭൂമിയുടെ ഗുരുത്വാകർഷണബലം തുടങ്ങിയവയെല്ലാം വളവിനു കാരണമായി പറയുന്നവരുണ്ട്



## എലി കൊലക്കേസ്





കോടതിയിൽ ഉത്തർപ്രദേശ് പോലീസ് സമർപ്പിച്ച ഒരു കുറ്റപത്രം കണ്ട് ആശ്ചര്യപ്പെട്ടിരിക്കുകയാണ് ആളുകൾ. കൊലക്കേസിലാണു കുറ്റപത്രം. കൊല്ലപ്പെട്ടതാകട്ടെ ഒരു എലി. വാലിൽ കല്ലുകെട്ടി എലിയെ അഴുക്കുചാലിൽ മുക്കിക്കൊന്നെന്നാണു കേസ്. കഴിഞ്ഞ നവംബറിൽ നടന്ന സംഭവത്തിൽ ബുദൗൺ കോടതിയിൽ 30 പേജുള്ള കുറ്റപത്രമാണ് പോലീസ് സമർപ്പിച്ചത്. ശ്വാസംമുട്ടിയാണു മരണം സംഭവിച്ചതെന്നു കുറ്റപത്രത്തിൽ പറയുന്നു. പിഴവുകളൊന്നും കൂടാതെയാണ് കുറ്റപത്രം തയാറാക്കിയിരിക്കുന്നതെന്ന് അന്വേഷണത്തിനു നേതൃത്വം നൽകിയ സർക്കിൾ ഓഫീസർ അലോക് മിശ്ര പറഞ്ഞു. മനോജ് കുമാർ എന്നയാളാണു പ്രതി. മൃഗസംരക്ഷക പ്രവർത്തകനായ വികേന്ദ്രശർമയുടെ പരാതിയിൽ ഇയാൾക്കെതിരേ മൃഗപീഡനത്തിന് കേസെടുക്കുകയായിരുന്നു. പ്രതി എലിയുടെ വാലിൽ കല്ലുകെട്ടി അഴുക്കുചാലിലേക്ക് എറിയുന്നത് താൻ കണ്ടെന്നു ശർമ മൊഴി നൽകിയിരുന്നു. മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമപ്രകാരം 10 രൂപ മുതൽ 2,000 രൂപ വരെ പിഴയും മൂന്നു വർഷം വരെ തടവും ലഭിക്കാൻ സാധ്യതയുള്ള കുറ്റകൃത്യമാണിത്.

## വിവാഹം ബഹിരാകാശത്ത്



വിവാഹാഘോഷം വ്യത്യസ്തമാക്കാൻ പലരും പലതും ചെയ്യുന്നുണ്ട്. എന്തൊക്കെ പുതുമ കൊണ്ടുവന്നാലും മറ്റുള്ളവരെ കോപ്പിയടിച്ചെന്ന ആക്ഷേപമായിരിക്കും മിച്ചം. എന്നാൽ വിവാഹം ഭൂമിയിലാക്കാതെ ബഹിരാകാശത്താക്കിയാലോ എന്ന ആശയവുമായി എത്തിയിരിക്കുകയാണ് ഒരു ബഹിരാകാശ യാത്രാ കമ്പനി. സ്പേസ് പെർസ്പെക്റ്റീവ് എന്ന കമ്പനിയാണ് ഈ ആശയത്തിനു പിന്നിൽ.


കമ്പനിയുടെ നെപ്ട്യൂൺ ബഹിരാകാശപേടകം ഉപയോഗിച്ച് നിങ്ങളുടെ ആഗ്രഹം സാധ്യമാക്കുമെന്നാണ് കമ്പനിയുടെ



അവകാശവാദം. സാധാരണ ബഹിരാകാശ യാത്രപോലെയുള്ള അനുഭവം ആയിരിക്കില്ലെന്നും ആഡംബരപൂർണമായ ഒരു യാത്രയായിരിക്കുമതെന്നും ബഹിരാകാശ യാത്ര നടത്താനുള്ള ശാരീരിക-സാമ്പത്തിക യോഗ്യതയുള്ള ആരെയും തങ്ങൾ പരിഗണിക്കുമെന്നും കമ്പനി പറയുന്നു.

ബഹിരാകാശ പേടകം റോക്കറ്റുകളില്ലാതെ ഒരു സ്പേസ് ബലൂൺ ഉപയോഗിച്ചായിരിക്കും ഉയർത്തുക, വധുവരന്മാർക്ക് പേടകത്തിനുള്ളിൽ വിശ്രമിക്കാനും കോക്ക്ടെയിലുകൾ പങ്കിടാനും സൗകര്യം ഒരുക്കിയിട്ടുണ്ടാകും. പേടകത്തിലെ ഒരു സീറ്റിന് വിലയായി നൽകേണ്ടത് 1,25,000 ഡോളർ ആയിരിക്കും. അതായത് ഒരു കോടി രൂപയ്ക്കു മുകളിൽ, അടുത്തവർഷം പദ്ധതി ആരംഭിക്കും. ഇതിനോടകം 1000ലധികം ടിക്കറ്റുകൾ വിറ്റുപോയെന്നു കമ്പനി വക്താക്കൾ അവകാശപ്പെടുന്നു. അമേരിക്കൻ എയ്റോസ്പേസ് എക്സിക്യൂട്ടീവും എഴുത്തുകാരിയും പ്രഭാഷകയുമായ ജെയ്ൻ പോയിന്റർ ആണ് കമ്പനിയുടെ സ്ഥാപകയും സഹ-സി.ഇ.ഒ.യും.

## മൗസിന് പകരം മൗത്ത്പാഡ്



കമ്പ്യൂട്ടർ മൗസിനെ മടുത്തോ? എങ്കിൽ മൗത്ത് പാഡ് ഉപയോഗിക്കാം. മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഗവേഷകരാണ് പുതിയ ഉപകരണത്തിനു പിന്നിൽ. മൗത്ത് പാഡിന്റെ സ്ഥാനം വായയ്ക്കുള്ളിലാണ്. ബ്ലൂടൂത്ത് സഹായത്തോടെ പ്രവർത്തിക്കുന്ന ഇവ കമ്പ്യൂട്ടർ, സ്മാർട്ട്ഫോൺ എന്നിവയുമായി ബന്ധിപ്പിക്കാം. മൗസിനെ വിരലുകൾ നിയന്ത്രിക്കുംപോലെ മൗത്ത് പാഡിനെ നാക്കാണു നിയന്ത്രിക്കുക. മൗസിൽ ക്ലിക് ചെയ്യുന്നതുപോലെ മൗത്ത് പാഡിൽ നാക്കുകൊണ്ട് സെലക്ട് ചെയ്യാം. തിരക്കുപിടിച്ച ജീവിതത്തിൽ മൗത്ത് പാഡിനെ കൂടുതൽപ്പേർക്ക് ഇഷ്ടപ്പെടുമെന്നാണു ഗവേഷകരുടെ പ്രതീക്ഷ. ഇ-മെയിൽ അയയ്ക്കുക, ഇന്റർനെറ്റിൽ സേർച്ച് ചെയ്യുക തുടങ്ങിയ കാര്യങ്ങൾക്കു മൗത്ത് പാഡ് സഹായകരമാകും. കൈകളുടെ ചലനശേഷി കുറവുള്ളവർക്കാകും കൂടുതൽ പ്രയോജനം. കൈകൾ തളർന്നവർക്ക് മൗത്ത് പാഡ് ഉപയോഗിച്ചു കമ്പ്യൂട്ടർ/മൊബൈൽ ഫോൺ എന്നിവ നിയന്ത്രിക്കാം.

സർജന്മാർ, ബഹിരാകാശ യാത്രികർ, ഫാക്ടറി തൊഴിലാളികൾ എന്നിവർക്കും പ്രയോജനം ചെയ്യുമെന്നാണു പ്രതീക്ഷ.

## കീബോർഡ് കുത്തനെ!

രണ്ടറ്റവും മടക്കിയുയർത്തി വച്ച കംപ്യൂട്ടർ കീബോർഡ്! ഇത് ആരെങ്കിലും തമാശയ്ക്ക് ഉണ്ടാക്കിയതാണോ? അതോ എന്തെങ്കിലും ശില്പമോ?

രണ്ടുമല്ല! ഇതു ശരിക്കും കീബോർഡ് തന്നെയാണ്! പേര് 'സേഫ്ടൈപ്പ് കീബോർഡ്'. കൈപ്പത്തികൾ കുത്തനെ പിടിച്ച് ടൈപ്പ് ചെയ്യാം- മൃദംഗം വായിക്കുന്നതുപോലെ! വശങ്ങളിലെ കീകൾ ഉപയോഗിക്കുമ്പോൾ വിരലുകൾ കാണാനായി ഇരുവശത്തും കണ്ണാടികളുണ്ട്!

കൈപ്പത്തികൾ കമഴ്ത്തിവച്ച് തുടർച്ചയായി ടൈപ്പ് ചെയ്യുമ്പോൾ കൈയിലെയും ചുമലിലെയുമൊക്കെ പേശികൾക്കും മറ്റും പിരിമുറുക്കവും വേദനയുമൊക്കെ ഉണ്ടാകാനിടയുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച്, ശരീരത്തെ സേഫ് ആക്കിക്കൊണ്ട് ഉപയോഗിക്കാവുന്ന കീബോർഡുകളിലൊന്നാണ് ഇത്.




| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# ആരാധനയും കാര്യസാധ്യ പ്രകടനങ്ങളും



**‘മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.’** രൂപാന്തരത്തിൽ എപ്പോഴും അത്ഭുതത്തിന്റെ ഒരു ഘടകം ഉണ്ട്. ഒരു പുഴുപ്പ്യൂപ്പയുടെ ധ്യാനാവസ്ഥയിലൂടെ കടന്ന് ഒരു സുപ്രഭാതത്തിൽ ചിത്രശലഭമായി ചിറകു വിടർത്തി പറന്നു പോകുന്നതിൽ അത്ഭുതമല്ലെങ്കിൽ മറ്റെന്താണുള്ളത്? പാപിയായിരുന്ന ഒരുവൻ പുതുജനനത്തെ തുടർന്നു വിശുദ്ധനായിത്തീരുന്നതും ഇതുപോലെതന്നെ ഒരത്ഭുതമാണ്.

രൂപാന്തരമാണ് സുവിശേഷത്തിന്റെ ഹൃദയം. മനുഷ്യനു മാറാൻ കഴിയും; മനുഷ്യനു രൂപാന്തരം ഉണ്ടാകും എന്നതിന്റെ അടിസ്ഥാനത്തിലാണ് നാം പാപികളോടു സുവിശേഷം പ്രഘോഷിക്കുന്നത്. ഒരു പാപി രക്ഷകനെ കണ്ടുമുട്ടിയതിനു ശേഷമോ? തുടർന്നും അവൻ രൂപാന്തരപ്പെട്ടുകൊണ്ടേയിരിക്കണം. അതുകൊണ്ടാണല്ലോ നിങ്ങൾ മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ എന്നു പൗലൊസ് ‘സഹോദരന്മാരെ’ പ്രബോധിപ്പിക്കുന്നത്.

എന്നാൽ രൂപാന്തരത്തെക്കുറിച്ചു പൗലൊസ് ഇവിടെ പറയുന്നത് ആരാധനയെക്കുറിച്ചു പറയുന്നതിന്റെ ഭാഗമായാണ് എന്നു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ആരാധനയ്ക്ക് ഒരു നിർവചനം നൽകുമ്പോൾ പൗലൊസിനു രൂപാന്തരത്തെക്കുറിച്ചു പറയാതിരിക്കാനാവുന്നില്ല. സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്. നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ (റോമ.12:1,2)

ഇതാണ് ആരാധനയെങ്കിൽ ഈ ആരാധന കേവലം ഉപരിപ്ലവമായ ഒന്നല്ല. അത് ആരാധകന്റെ ജീവിതത്തെ സ്പർശിക്കുകയും മനോഭാവങ്ങളെ നവീകരിക്കുകയും ഹൃദയത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ഒന്നാണ്. ഇവിടെ ശരീരങ്ങളെ ദൈവത്തിനു യാഗമായി അർപ്പിക്കുക എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം എന്താണ്? റോമർ 6:13 ൽ അത് ഇങ്ങനെ വിശദീകരിക്കുന്നു: ‘നിങ്ങളുടെ അവയവങ്ങളെ മുൻപ് പാപത്തിനു സമർപ്പിച്ചിരുന്നതുപോലെ ഇപ്പോൾ നീതിക്കായി നിങ്ങളുടെ അവയവങ്ങളെ സമർപ്പിക്കുവിൻ. നമ്മുടെ നാവ്, കണ്ണ് തുടങ്ങിയ അവയവങ്ങളെ നീതിക്കായി അർപ്പിക്കുക എന്നു പറഞ്ഞാൽ അതിന്റെ പ്രായോഗികതലം എങ്ങനെയാണ്? കണ്ണുകൾ കൊണ്ട് മോഹിക്കുവാൻ പരീക്ഷിക്കപ്പെടുന്ന സന്ദർഭത്തിൽ ആ ആഗ്രഹത്തെ നിഷേധിക്കുമ്പോൾ കണ്ണിനെ ജീവനുള്ള യാഗമായി ദൈവത്തിന് അർപ്പിക്കുകയാണ്. പ്രത്യേക സാഹചര്യത്തിൽ ഭോഷ്ക്കു പറയുവാനോ ദേഷ്യത്തോടെ കഠിന വാക്കുകൾ ഉപയോഗിക്കുവാനോ പ്രലോഭിപ്പിക്കപ്പെടുന്ന സാഹചര്യത്തിലാണ് നമ്മുടെ നാവിനെ ദൈവത്തോടുള്ള അനുസരണത്തിൽ യാഗമായി അർപ്പിക്കേണ്ടത്. ഇത് ജീവനോടെയുള്ള ഒരു ബലി ആണെന്നു പൗലൊസ് ചൂണ്ടിക്കാട്ടുന്നു. ലോകത്തിന്റെ പ്രലോഭനങ്ങൾക്കു വഴിപ്പെടാതെ ദൈവത്തോടുള്ള സ്നേഹത്തിൽ നമ്മെ യാഗമായി അർപ്പിക്കുന്ന ഈ ആരാധനയിൽ രൂപാന്തരമുണ്ട്. മനസ്സിനു പുതുക്കമുണ്ട്. ഇതു പലപ്പോഴും നടക്കുന്നത് പ്രായോഗിക ജീവിത സാഹചര്യങ്ങളിലാണ്.



എന്നാൽ ഇന്നു സുവിശേഷവിഹിത സഭകളിൽ ആരാധനയെന്നു പറയുമ്പോൾ ഈ നിലയിൽ ഒരു കാഴ്ചപ്പാടു കാണുന്നില്ല. ആളുകൾ ഒന്നിച്ചു കൂടിവന്ന് പ്രാർത്ഥിക്കുകയോ പാടുകയോ ദൈവത്തെ സ്തുതിക്കുകയോ ചെയ്യുന്നതിൽ ഒതുങ്ങിനിൽക്കുന്നു അവരുടെ ആരാധനാസങ്കല്പം. അങ്ങനെ ഒരു മീറ്റിംഗിൽ സംബന്ധിക്കുന്നതോടെ തങ്ങൾ ദൈവത്തെ ആരാധിച്ചുവെന്നും അതു ദൈവത്തിനു പ്രസാദകരമായെന്നും ഉള്ള മിഥ്യാധാരണയിൽ ആളുകൾ മടങ്ങിപ്പോകുമ്പോൾ അവഗണിക്കപ്പെടുന്നത് യഥാർത്ഥ ആരാധനയിൽ അനിവാര്യമായി ഉണ്ടാകേണ്ട രൂപാന്തരമാണ്.

പഴയനിയമ ആരാധനയും ഈ നിലയിൽ ആയിരുന്നു. അവിടെ യാഗം കഴിക്കുന്നതായിരുന്നു ആരാധന. എന്നാൽ ആ ആരാധനയിലും ആരാധകനു മനസ്സിനു രൂപാന്തരം ഉണ്ടാകണമെന്നു നിർബന്ധമുണ്ടായിരുന്നില്ല. പാപപരിഹാരത്തിനായി യാഗം കഴിക്കാൻ പോകുന്ന ഒരുവനെ നോക്കുക. അവനു താൻ ചെയ്ത പാപത്തെക്കുറിച്ചു പശ്ചാത്താപവും ഹൃദയത്തകർച്ചയും വേണമെന്നില്ല. ചട്ടമനുസരിച്ചുള്ള യാഗമൃഗത്തെ കൊണ്ടുവന്നു നിയമാനുസരണം യാഗം നടത്തിയാൽ പാപപരിഹാരമായി. എന്നാൽ പഴയ ഉടമ്പടിയുടെ കാലത്താണ് ജീവിച്ചിരുന്നതെങ്കിലും പുതിയ ഉടമ്പടിയുടെ ആത്മാവിൽ ജീവിച്ചിരുന്ന ദാവീദ് അന്നേ പുതിയനിയമ ആരാധനയുടെ മർമ്മം ഈ നിലയിൽ വെളിപ്പെടുത്തുന്നു. ‘ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കുകയില്ല’ (സങ്കീ.52:17).

ചുരുക്കത്തിൽ പുതിയനിയമ കാലഘട്ടത്തിലാണെങ്കിലും രൂപാന്തരത്തിന്, പുതുക്കത്തിന്, ഊന്നൽ നൽകാതെ നടത്തുന്ന ‘ആരാധന’ പഴയനിയമ ആരാധനയാണെന്നു പറയേണ്ടി വരും. അങ്ങനെയെങ്കിൽ ഇന്നു പല സുവിശേഷ വിഹിതസഭകളിലും നടക്കുന്നത് പഴയനിയമ ആരാധനയല്ലേ? തിങ്കൾ മുതൽ ശനി വരെ പ്രലോഭനങ്ങളുടെ മുൻപിൽ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമാക്കി ബുദ്ധിയുള്ള ആരാധന നടത്താതെ ഞായറാഴ്ച ആരാധന എന്ന പ്രകടനം (performance) നടത്തിയാൽ അവിടെ എവിടെയാണ് രൂപാന്തരം? എവിടെയാണ് ജീവബലി?

ജഡത്തിന്റെ ഇഷ്ടത്തെ നിഷേധിക്കുന്നത് അൽപം പ്രയാസമുള്ള കാര്യമാണല്ലോ. അതിനേക്കാൾ എളുപ്പമുള്ളത് ഞായറാഴ്ച വന്ന് ആരാധന എന്ന പേരിൽ ഒരഭ്യാസം നടത്തിയിട്ട് എന്തോ നേടി എന്ന സ്വയതൃപ്തിയോടെ പിരിഞ്ഞുപോകുന്നതല്ലേ? ഈ എളുപ്പമാർഗ്ഗത്തെ പ്രശ്നങ്ങളിൽനിന്നു വിടുതൽ കിട്ടാനുള്ള വഴിയായി ഇന്നു ചിത്രീകരിക്കുകയും ചെയ്യുന്നു. ഇതിനിടയിൽ ദൈവജനത്തിനു നഷ്ടമായിരിക്കുന്നതു പുതിയനിയമ ആരാധനയുടെ യാഥാർത്ഥ്യമാണ്. സത്യനമസ്കാരികൾ പിതാവിനെ സത്യത്തിൽ (യാഥാർത്ഥ്യത്തിൽ-in reality) ആരാധിക്കണം എന്ന കർത്താവിന്റെ കല്പനയല്ലേ ഇവിടെ അവഗണിക്കപ്പെടുന്നത്?



# ഉയർത്തപ്പെട്ട കുരിശും തുറക്കപ്പെട്ട കല്ലറയും



ക്രിസ്തുവിന്റെ ജീവിതത്തിലെ രണ്ടു പ്രതീകങ്ങൾ. കുരിശ് മരണത്തെ കാണിക്കുന്നു. തുറക്കപ്പെട്ട കല്ലറ പുനരുത്ഥാനത്തെ, ജീവനെ, കാണിക്കുന്നു.

യേശുവിന്റെ ജീവിതത്തിൽ ഉടനീളം അവിടുന്ന് ഒരു കുരിശു വഹിച്ചിരുന്നു. ഒടുവിൽ അക്ഷരാർത്ഥത്തിൽ തന്നെ യേശു കുരിശിൽ മരിച്ചു. ക്രിസ്തു ശിഷ്യരായ നാമോ?

ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുവാൻ വേണ്ടി സ്വന്ത ഇഷ്ടത്തെ അടിയറവയ്ക്കുന്നിടത്താണ്, സ്വയത്തെ മരിപ്പിക്കുന്നിടത്താണ് കുരിശനുഭവം. യേശു ഭൂമിയിലെ ജീവിതത്തിൽ ഒരിക്കൽപ്പോലും സ്വന്ത ഇഷ്ടം ചെയ്തില്ല. തന്നെ അയച്ച പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ വേണ്ടി എപ്പോഴും സ്വന്ത താത്പര്യത്തെ ബലി കൊടുത്തു (യോഹന്നാൻ 6:38). ഇതാണ് യേശു മുപ്പത്തി മൂന്നര വർഷത്തെ ജീവിതത്തിൽ ഉടനീളം പേറിയിരുന്ന അദൃശ്യമായ ക്രൂശ്, ഒടുവിൽ ദൃശ്യമായ ഒരു ക്രൂശിൽ അവിടുന്ന് അക്ഷരാർത്ഥത്തിൽ തന്നെ മരിക്കുകയും ചെയ്തു. നാമാകട്ടെ, ആദ്യം ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെടുകയാണ് (റോമർ 6:6; ഗലാത്യർ 2:20). തുടർന്ന് സ്വന്ത ഇഷ്ടത്തെ മരിപ്പിക്കുന്ന ആന്തരികമായ അദൃശ്യമായ ഒരു ക്രൂശ് ജീവിതം മുഴുവൻ കൊണ്ടുനടക്കുന്നു. (ലൂക്കോസ് 14:27; റോമർ 6:11-14).

ക്രൂശ് അതിൽ തന്നെ ഒരവസാനമല്ല. ഓരോ ക്രൂശും ഉയിർത്തെഴുന്നേൽപിലേക്കാണ് നയിക്കുന്നത്. ക്രൂശ്, മരണാനുഭവമാണെങ്കിൽ ഉയിർത്തെഴുന്നേല്പ് ജീവന്റെ വെളിപ്പെടലാണ്.

മരണവും ജീവനും - ക്രിസ്തീയ ജീവിതത്തിൽ നിരന്തരം ഈ രണ്ടു കാര്യങ്ങളെ സ്പർശിക്കാതെ നമുക്ക് മുന്നോട്ടു പോകാനാവില്ല. മരണം എന്നതു സ്വന്ത ഇഷ്ടത്തിന്റെ മരണമാണെങ്കിൽ അതിലൂടെ ലഭ്യമാകുന്ന ജീവൻ, യേശുവിന്റെ ജീവന്റെ (ദിവ്യസ്വഭാവത്തിന്റെ) പങ്കാളിത്തമാണ്. യേശുവിന്റെ ജീവൻ നമ്മിൽ വെളിപ്പെടുമെന്നുള്ളതാണ് മരണം വഹിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ‘ക്രൂശില്ലാതെ കിരീടമില്ല’ എന്നു പറയാറുണ്ടല്ലോ. സ്വന്ത ഇഷ്ടത്തിന്റെ മരണം ഇല്ലാതെ യേശുവിന്റെ സ്വഭാവത്തോട് അനുരൂപമാകുന്ന ജീവന്റെ പങ്കാളിത്തം സാധ്യമല്ല. ഈ കാര്യങ്ങളെല്ലാം അപ്പോസ്തലനായ പൗലൊസ് വളരെ വ്യക്തതയോടെ രണ്ടു വാക്യങ്ങളിൽ ഇങ്ങനെ സംക്ഷേപിച്ചിരിക്കുന്നു: “യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിനു യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു. ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ വെളിപ്പെടേണ്ടതിനു ജീവിച്ചിരിക്കുന്ന ഞങ്ങൾ എല്ലായ്പ്പോഴും യേശുനിമിത്തം മരണത്തിൽ ഏല്പിക്കപ്പെടുന്നു” (2 കൊരിന്ത്യർ 4:10,11). നിരന്തരം സ്വയത്തിനു ക്രൂശിക്കപ്പെട്ട ഒരു ജീവിതം. അത്തരം ഒരു ജീവിതത്തിന്മേൽ യേശുവിന്റെ ജീവൻ എപ്പോഴും വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും.



യേശുവിന്റെ ജീവൻ, നിത്യജീവിതത്തോടുള്ള ബന്ധത്തിൽ നമ്മിൽ വെളിപ്പെടുന്നത് ആത്മാവിന്റെ ഫലങ്ങളായാണ്. ഗലാത്യർ 5:22-ൽ ഇതിന്റെ ഒരു പട്ടിക നമ്മൾ കാണുന്നു. ഈ ഫലങ്ങൾ പല അളവിൽ നമ്മുടെ ജീവിതത്തിലുണ്ടാകും. അതുകൊണ്ടുതന്നെ യേശുവിന്റെ ജീവന്റെ പ്രത്യക്ഷതയാണിതെന്നു നാം കരുതിപ്പോവുക സ്വാഭാവികം. എന്നാൽ പരിശോധനകളുടെ മുൻപിൽ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ തുടങ്ങിയവ അഴിഞ്ഞുപോകാതെ നിലനില്ക്കുന്നുണ്ടോ എന്നതാണ് അതു യേശുവിന്റെ ജീവൻ തന്നെയാണോ അതോ അതൊരു അനുകരണം മാത്രമായിരുന്നോ എന്നു തിരിച്ചറിയാനുള്ള അളവു കോൽ. കാരണം യേശുവിന്റെ ജീവൻ, അഴിഞ്ഞുപോകാത്ത ജീവന്റെ ശക്തിയാണ് (എബ്രായർ 7:15). നമ്മുടെ സ്നേഹവും സന്തോഷവും സമാധാനവും ക്ഷമയുമൊക്കെ പരിശോധനയുടെ മുൻപിൽ കുറഞ്ഞും നഷ്ടപ്പെട്ടും പോകുന്നെങ്കിൽ അവ അനശ്വരമായ ദൈവികസ്വഭാവത്തിന്റെ പ്രത്യക്ഷതയാകുന്നതെങ്ങനെ? യഥാർത്ഥ ഫലങ്ങളെപ്പോലെ ഒറ്റനോട്ടത്തിൽ തോന്നുന്ന പ്ലാസ്റ്റിക്കു കൊണ്ടു നിർമിച്ച പഴങ്ങൾ പലയിടത്തും കാണാറുണ്ടല്ലോ. യഥാർത്ഥമായതും നിർമിതമായതും കാഴ്ചയിൽ ഒരുപോലെ ഇരിക്കുമെങ്കിലും പ്ലാസ്റ്റിക് പഴങ്ങൾ ഒരാളുടെയും വിശപ്പു ശമിപ്പിക്കുകയില്ല. നമ്മുടെ ജീവിതപരിസരത്ത് എത്തുന്നവരുടെ വിശപ്പു ശമിപ്പിക്കുവാൻ നമ്മിലെ ഫലങ്ങൾക്കു കഴിയുന്നില്ലെങ്കിൽ അത് അഴിയാത്ത ജീവശക്തിയുടെ വെളിപ്പെടലല്ല, യഥാർത്ഥമായതിന്റെ ഒരനുകരണം മാത്രമായിരുന്നെന്നു നാം തിരിച്ചറിയണം. ജീവൻ യഥാർത്ഥമല്ലെങ്കിൽ അതു വിരൽചൂണ്ടുന്നത് അതിനു പിന്നിൽ നടന്ന സ്വന്ത ഇഷ്ടത്തെ മരണത്തിന് ഏല്പിച്ചതിന്റെ അപൂർണതയിലേക്കാണെന്നും നാം കണ്ടെത്തേണ്ടതുണ്ട്.

നമ്മിൽ ദൈവികമായ ജീവന്റെ അഭാവം തിരിച്ചറിഞ്ഞാൽ നാം എന്താണു ചെയ്യേണ്ടത്? യേശുവിന്റെ പരസ്യശുശ്രൂഷാകാലത്തെ ഒരു സംഭവം ഇതിന്റെ പോംവഴിയെക്കുറിച്ച് സൂചന നൽകുന്നുണ്ട്. യോഹന്നാൻ നാലാം അധ്യായത്തിൽ യേശു ശമര്യക്കാരിയെ കണ്ടുമുട്ടിയപ്പോൾ അവളോട് ആദ്യം ആവശ്യപ്പെടുന്നതു തന്റെ ദാഹം ശമിപ്പിക്കാനാണ് (4:7). ഇന്നും യേശു നമ്മോടാവശ്യപ്പെടുന്നതു തന്റെ തൃപ്തിപ്പെടുത്താനാണ്. യേശുവിനോടുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തഇഷ്ടത്തെ മരണത്തിന് ഏൽപിച്ചുകൊണ്ട് യഥാർത്ഥമായ യേശുവിന്റെ ജീവനിൽ നാം വളരണമെന്നാണ് നമ്മെ സംബന്ധിച്ചുള്ള തന്റെ ദാഹം. ഈ ദാഹം ശമിപ്പിക്കാനാണ് യേശു നമ്മോട് ആവശ്യപ്പെടുന്നത്.




# മുളയും പുല്ലും



വലിയ വ്യവസായിയായി ത്തീരണമെന്നായിരുന്നു ദേവലാലിന്റെ ആഗ്രഹം. അതിനായി അദ്ദേഹം രാപകൽ അധ്വാനിച്ചു. പക്ഷേ, താൻ പ്രതീക്ഷിച്ചതുപോലെ വ്യവസായം വളർത്തിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. തന്റെ കൂടെയുള്ളവരൊക്കെ ചെറിയ തോതിലെങ്കിലും രക്ഷപ്പെടുന്നത് കണ്ടപ്പോൾ ദേവലാലിന് നിരാശയായി. ജീവിതം മടുത്ത അദ്ദേഹം നാടും വീട്ടുമുപേക്ഷിച്ച് വനത്തിൽ പോയി ജീവിക്കാൻ തീരുമാനിച്ചു.

അങ്ങനെ വനത്തിലെത്തി ഒരു മരച്ചുവട്ടിലിരിക്കുമ്പോൾ, ഒരു സന്ന്യാസി ദേവലാലിന്റെ അടുത്തെത്തി. ദേവലാൽ തന്റെ സങ്കടം സന്ന്യാസിയോട് പറഞ്ഞു.

അല്പനേരം ചിന്തിച്ചിരുന്നിട്ട് സന്ന്യാസി മുന്നിൽ നിൽക്കുന്ന മുളങ്കാട് ചൂണ്ടിക്കൊണ്ട് പറഞ്ഞു: 'ഞാൻ വർഷങ്ങൾക്കുമുൻപ് ഇവിടെ കുറെ നെൽവിത്തുകളും മുളവിത്തുകളും പാകിയിരുന്നു. രണ്ടിനും ഞാൻ നല്ല പരിചരണം കൊടുത്തു. വൈകാതെ നെൽവിത്തുകൾ മുളച്ച് ഇവിടമാകെ പച്ചപ്പുകൊണ്ട് നിറഞ്ഞു. എന്നാൽ, മുളയുടെ വിത്തുകളാവട്ടെ. ഒരു മാറ്റവുമില്ലാതെ മണ്ണിനടിയിൽ കിടന്നു.

നെല്ല് വളർന്ന് നെൽക്കതിർ വന്ന് വിളഞ്ഞപ്പോൾ കൊയ്തെടുത്തു. പിന്നീട് അടുത്ത നെൽവിത്തുകളും പാകി. വൈകാതെ അവയും മുളച്ചു. എന്നിട്ടും മുളയുടെ വിത്തുകളിൽ നാമ്പു വന്നില്ല. മൂന്നാം വർഷവും ഇതുതന്നെ സംഭവിച്ചു. ഇക്കാലമത്രയും നെൽവിത്തുകൾക്ക് കൊടുക്കുന്ന വെള്ളവും വളവും അതേപോലെത്തന്നെ മുള വിത്തുകൾക്കും കൊടുത്തുപോന്നു, നാലാമത്തെ വർഷവും മുളയുടെ നാമ്പ് വന്നില്ല. അഞ്ചാംവർഷം മുളയുടെ വിത്തിൽനിന്ന് ഒരു നാമ്പ് വന്നു. നെല്ലിന്റെ നാമ്പിനെക്കാൾ ചെറുതായിരുന്നെങ്കിലും കുറഞ്ഞ ദിവസങ്ങൾകൊണ്ട് അത് ഇരുപതടി വളർന്നു.

കഴിഞ്ഞ അഞ്ചുവർഷവും മുളവിത്ത് വെറുതേ മണ്ണിൽ കിടക്കുകയായിരുന്നില്ല. മുകളിലേക്ക് വളരുന്ന മുളന്തണ്ടിനെ ബലമായി പിടിച്ചുനിർത്താൻ പാകത്തിൽ അതിന്റെ വേരുകൾ വളർത്തി അടിത്തറ ബലപ്പെടുത്തുകയായിരുന്നു.

ഈ മുളപോലെയാണ് താങ്കളുടെ ജീവിതവും. ജീവിതത്തിൽ നാം എത്ര കഷ്ടപ്പെടുന്നുവോ ഭാവിയിലേക്കത് വളരെ ശക്തമായ ഒരു അടിത്തറയുണ്ടാക്കും. അതുകൊണ്ട്, ജീവിതത്തിലെ കാഠിന്യം നിറഞ്ഞ കാലത്തെ പേടിക്കാതെ താങ്കളുടെ പരിശ്രമങ്ങൾ തുടർന്നുകൊണ്ടേയിരിക്കുക. ഒരിക്കൽ അതിന്റെയെല്ലാം ഫലം കിട്ടും. അന്ന് താങ്കൾ ആഗ്രഹിച്ചതുപോലെ വലിയൊരു വ്യവസായിയായി ത്തീരും.'

സന്ന്യാസി പറഞ്ഞത് കേട്ടപ്പോൾ, ദേവലാലിന്റെ മനസ്സിൽ അല്പം ആശ്വാസം തോന്നി. അദ്ദേഹം സന്ന്യാസിയോട് നന്ദിപറഞ്ഞ് വീട്ടിലേക്ക് മടങ്ങി.

## യുദ്ധങ്ങൾ തന്ന ശൈലികൾ




### MEET YOUR WATERLOO

പരാജയത്തെ സൂചിപ്പിക്കുന്ന ശൈലിയാണിത്.1815 ജൂൺ 18–ന് ബെൽജിയത്തിലെ വാട്ടർലൂവിൽ നടന്ന യുദ്ധത്തിൽ നെപ്പോളിയൻ, വെല്ലിങ്ടൺ ഡ്യൂക്കിന്റെ സൈന്യത്തോട് പരാജയപ്പെട്ടു. ഇതിൽനിന്നുണ്ടായ ശൈലിയാണ് 'meet your waterloo'.

### MEET A DEADLINE

കൃത്യസമയത്തു പൂർത്തിയാക്കുക എന്ന അർഥത്തിൽ പ്രയോഗിക്കുന്ന ശൈലിയാണ് 'meet a deadline'. 1861–ലെ അമേരിക്കൻ ആഭ്യന്തരയുദ്ധകാലത്ത് യുദ്ധത്തടവുകാരെ താമസിപ്പിച്ചിരുന്ന കെട്ടിടത്തിൽനിന്നു കുറച്ചുമാറി ഒരു വര വരച്ചിരുന്നു. വേണ്ടത്ര ഭക്ഷണമോ വെള്ളമോ കിട്ടാത്ത തടവുകാർ ഈ വര മറികടന്നാൽ ഉടൻ വെടിവയ്ക്കും! ഇതിൽനിന്നു വന്ന ശൈലിയാണിത്.

### CASTLES IN THE AIR

ഒരിക്കലും നടക്കാത്ത അതിരുകടന്ന പ്രതീക്ഷകളെയും പദ്ധതികളെയും സൂചിപ്പിക്കുന്ന പ്രയോഗമാണ് 'castles in the air', 1500–കളിലാണ് ഈയൊരു പ്രയോഗം ഉപയോഗിച്ചു തുടങ്ങിയതെന്നു കരുതുന്നു. അന്ന് സ്പെയിൻ മൂറിഷ് അധീനതയിലായിരുന്നു. ശക്തരായ അവരോട് എതിർത്ത് സ്പെയിനിൽ ഒന്നും ചെയ്യാനാകില്ലായിരുന്നു. ഇതിൽനിന്ന് To build castles in Spain എന്നൊരു പ്രയോഗം ഉണ്ടായി. അതു പിന്നീട് 'castles in the alr' ആയി മാറുകയും ചെയ്തു. 'മനക്കോട്ട കെട്ടുക' എന്നൊരു പ്രയോഗം മലയാളത്തിലുമുണ്ട്.

# അലക്കുകാരന്റെ കഴുത

കഴുതയ്ക്ക് വല്ലാത്ത മടുപ്പ് തോന്നി. എന്നും വിഴുപ്പുകെട്ടുംകൊണ്ട് പുഴയിലേക്കൊരു യാത്ര. അവിടെനിന്ന് തിരിച്ചിങ്ങോട്ട്, ഒരേ വഴിതന്നെ. ഒരേ കാഴ്ച. ആഹാരത്തിനുപോലും മാറ്റമില്ല. ഒരുദിവസംപോലും ഒഴിവുമില്ല. കഴുതയ്ക്ക് ആകെ മടുത്തു.

ഒരുദിവസം അലക്കുകാരൻ പുഴക്കരയിലെത്തി കഴുതയെ മേയാൻ വിട്ട സമയത്ത്, കഴുത അലക്കുകാരന്റെ കണ്ണുവെട്ടിച്ച് അവിടുന്ന് രക്ഷപ്പെട്ടു. പക്ഷേ, അവന്റെ യാത്ര ഒട്ടും സുഖകരമായിരുന്നില്ല. തിന്നാൻ വല്ലിടത്തും കയറിയാൽ കല്ലേറ്, വിശന്നു പൊരിഞ്ഞ് തളർന്നപ്പോൾ, അടിയും പിടിയും ബഹളവും. എല്ലായിടത്തുനിന്നും ജീവനുംകൊണ്ട് പായേണ്ടിവന്നു. പേടിയൊഴിഞ്ഞൊരു നേരവുമില്ലാതെയായി. അലക്കുകാരന്റെ കൂടെയുള്ള ജീവിതമാണ് ഇതിലും ഭേദമെന്ന് തോന്നി, കഴുത വീട്ടിലേക്ക് തിടുക്കത്തിൽ തിരിച്ചുനടന്നു.

കഴുത, അലക്കുകാരന്റെ വീട്ടിലെത്തിയപ്പോൾ, അയാൾ അവിടെയുണ്ടായിരുന്നില്ല. പുഴക്കരയിലും പോയിനോക്കി. അവിടെയും കണ്ടില്ല. തിരിച്ചുവന്ന് അലക്കുകാരൻ മുറിയിലെങ്ങാനും ഉണ്ടാകുമോ എന്നറിയാൻ, കഴുത അകത്തേക്ക് നോക്കി.



അലക്കുകാരന്റെ മകൾ മുഖം നോക്കുന്ന കണ്ണാടി അവിടെ വെച്ചിട്ടുണ്ടായിരുന്നു. കഴുതയുടെ നോട്ടം അതിലാണ് പെട്ടത്. അവൻ കണ്ണാടിയിലേക്ക് സൂക്ഷിച്ചുനോക്കി. ഒരു കഴുത. അതും തന്നെപ്പോലെത്തന്നെ. ഒരു മാറ്റവുമില്ല.

കഴുതയ്ക്ക് സങ്കടമായി, വെറുതേയല്ല, അലക്കുകാരൻ തന്നെ അന്വേഷിച്ചുവരാതിരുന്നത്. അയാൾക്ക് ഒരു പുതിയ കഴുതയെ കിട്ടിയിരിക്കുന്നു. തൊഴുത്തിലല്ല. മുറിയിൽത്തന്നെ അവന് ഇടവും കൊടുത്തിരിക്കുന്നു.

തനിക്ക് ഇനിയിവിടെ സ്ഥാനമുണ്ടാകില്ലെന്ന് കഴുത ഉറപ്പിച്ചു. തന്നെ സ്വീകരിക്കില്ലെന്നുറപ്പാണ്. രണ്ട് കഴുതകളെ പോറ്റാനുള്ള കഴിവ് അയാൾക്കില്ലതാനും.

അലക്കുകാരൻ ഇനി കൈയിൽ കിട്ടിയാൽ, തന്നെ ഇവിടെനിന്ന് അടിച്ചോടിച്ചേക്കും. അയാൾ വരുന്നതിനുമുൻപ് രക്ഷപ്പെടുന്നതാണ് നല്ലത്. കഴുത അലക്കുകാരന്റെ വിട്ടിൽനിന്ന് തിടുക്കത്തിൽ ഇറങ്ങി നടന്നു.

തെറ്റിദ്ധാരണയും എടുത്തു ചാട്ടവുമാണ് പലപ്പോഴും നമ്മെ വഴിതെറ്റിക്കുന്നത്.

# രാജകീയ വിനോദം

ലോകത്തെ അറിയപ്പെടുന്ന പരമ്പരാഗത ടീം സ്പോർട്സുകളിൽ ഒന്നാണ് പോളോ. കുതിരപ്പുറത്ത് കയറി പന്ത് തട്ടുന്ന കളിയാണിത്. ഒരു ചെറിയ പന്ത് മാലറ്റ് എന്ന് വിളിക്കുന്ന നീണ്ട വടിയുപയോഗിച്ച് എതിർ ടീമിന്റെ ഗോൾ പോസ്റ്റുകൾക്കിടയിലേക്ക് അടിച്ച് ഗോൾ നേടുക എന്നതാണ് കളിയുടെ ലക്ഷ്യം.

രണ്ട് ടീമുകളിലായി നാല് കളിക്കാർ വീതം ഉണ്ടാകും. ഓരോ കളിക്കാരനും പ്രത്യേകം പരിശീലിപ്പിച്ച കുതിരപ്പുറത്തിരുന്ന് ഗോൾ അടിക്കാൻ മത്സരിക്കും. വലതുകൈകൊണ്ടാണ് മാലറ്റ് വീശുക .300 യാർഡ് വരെ വലിപ്പമുള്ള മൈതാനത്താണ് പോളോ കളിക്കുക. കളി 1 മുതൽ 2 മണിക്കൂർ വരെ നീണ്ട് നിൽക്കാം. കളിയെ ആറ് പിരീഡുകളായി തിരിച്ചിട്ടുണ്ട്. ഓരോ പീരിഡിനെയും ചക്കറുകൾ എന്നാണ് പറയുക. കളിയുടെ അവസാനം ഏറ്റവും കൂടുതൽ ഗോൾ നേടുന്ന ടീം വിജയിക്കും.



വൈദഗ്ധ്യം, വേഗത, ടീംവർക്ക് എന്നിവയാണ് പോളോയിൽ പ്രധാനം 'രാജാക്കന്മാരുടെ കായികവിനോദം' എന്നും ഈ കളിയെ വിശേഷിപ്പിക്കാറുണ്ട്. രാജകുടുംബങ്ങളിലെ ഒരു പ്രധാന വിനോദമായിരുന്നതിനാലാണ് അങ്ങനെ വിളിക്കുന്നത്.



## മുന്തിരി പുളിക്കും

കുറുക്കൻ മുന്തിരിങ്ങയ്ക്കു വേണ്ടി ചാടിയ കഥ. വളരെ ഇഷ്ടമുണ്ടായിട്ടും കിട്ടാഞ്ഞപ്പോൾ ഈ മുന്തിരി പുളിക്കുമെന്ന് പറഞ്ഞ് ഓടിപ്പോയ കുറുക്കന്റെ കഥ. ഈ കഥയിൽ നിന്നും വന്ന പ്രയോഗമാണ് 'Sour grapes' (പുളിച്ച മുന്തിരി) നമുക്ക് എത്തിപ്പിടിക്കാൻ കഴിയില്ല എന്നു ബോധ്യപ്പെട്ട എന്തെങ്കിലും ഒന്നിനെ പുച്ഛിച്ചു തള്ളിക്കളയുന്നതിന് പറയുന്ന പ്രയോഗമാണിത്.

# ദൈവത്തിങ്കലേക്കുള്ള മാനസാന്തരം



ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

തന്റെ സാന്നിദ്ധ്യം കൊണ്ട് നമ്മുടെ ജീവിതത്തെ നിറയ്ക്കാനാണ് പരിശുദ്ധാത്മാവ് ഭൂമിയിൽ വന്നത്. നാം പരിശുദ്ധാത്മാവിന് വിധേയപ്പെട്ടാൽ അവിടുന്ന് നമ്മെ വിശുദ്ധരാക്കും. പരിശുദ്ധാത്മാവ് നിങ്ങളെ നിറയ്ക്കുമ്പോൾ പാപത്തിന്മേൽ ജയമുള്ള ഒരു ജീവിതം നിങ്ങൾക്ക് സാദ്ധ്യമാകും. പെന്തെക്കോസ്തു നാളിൽ മനുഷ്യരിൽ അധിവസിക്കാൻ പരിശുദ്ധാത്മാവ് വരുന്നതുവരെ അത്തരം ഒരു ജീവിതം ആർക്കും സാദ്ധ്യമായിരുന്നില്ല. അതിനു മുമ്പ് ബാഹ്യമായ ജീവിതം മെച്ചപ്പെടുത്താനേ മനുഷ്യർക്ക് കഴിഞ്ഞിരുന്നുള്ളു. പാപത്താൽ പരാജയപ്പെട്ട, രൂപാന്തരമില്ലാത്ത നിലയിലായിരുന്നു മനുഷ്യന്റെ ആന്തരിക ജീവിതം. ദൈവം തന്നേ നിങ്ങളിൽ വസിക്കുന്നതിനാൽ ദൈവഭക്തിയുള്ള ഒരു ആന്തരിക ജീവിതം നിങ്ങൾക്ക് സാദ്ധ്യമായിതീരുന്നു.



ദൈവം നിങ്ങളോട് ക്ഷമിക്കുമ്പോൾ നിങ്ങളുടെ ഹൃദയം പൂർണ്ണമായും ശുദ്ധീകരിക്കപ്പെടുകയും, ക്രിസ്തുവിന് അവിടുത്തെ ആത്മാവിനാൽ നിങ്ങളിൽ വസിച്ച് നിങ്ങളുടെ ശരീരങ്ങളെ ദൈവത്തിന്റെ ഭവനമാക്കി തീർക്കുകയും ചെയ്യാൻ കഴിയും. ഇതാണ് സുവിശേഷത്തിന്റെ അത്ഭുത സന്ദേശം.

ക്രിസ്തീയജീവിതം ഒരു ഓട്ടം പോലെയാണ്. പാപത്തോട് പുറംതിരിഞ്ഞ് വീണ്ടും ജനിക്കുമ്പോൾ നാം ഈ ദീർഘദൂര ഓട്ടത്തിന്റെ തുടക്കത്തിലെത്തുന്നു. പിന്നെ ജീവിതാവസാനം വരെ ഒരു മാരത്തോൺ ഓട്ടമാണ്. നാം നിരന്തരം ഓടി, ഓരോദിവസവും ലക്ഷ്യത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്. ഓട്ടം ഒരിക്കലും നിർത്തിക്കൂടാ.

മറ്റൊരു ദൃഷ്ടാന്തം നോക്കാം. നാം വീണ്ടും ജനിക്കുമ്പോൾ നമ്മുടെ ഭവനത്തിന് അടിസ്ഥാനം ഇടുകയാണ്. അന്നുമുതൽ നാം പല നിലകളുള്ള ജീവിതസൗധത്തിന്റെ പണിയിലാണ്. ഓരോ ദിവസം കഴിയുന്തോറും ജീവിതത്തിൽ നിന്നു തിന്മകളെ അകറ്റി കൂടുതലായി ദൈവത്തെപ്പോലെ ആയിത്തീരുന്ന മാർഗ്ഗമാണിത്.

**വീണ്ടും ജനിക്കുവാൻ നിങ്ങൾ എന്തുചെയ്യണം?**

ഒന്നാമതായി, നിങ്ങൾ ഒരു പാപിയാണെന്ന് അംഗീകരിക്കണം. മറ്റുള്ളവരെക്കാൾ മെച്ചമാണ് നിങ്ങൾ എന്ന് ചിന്തിച്ച് ആശ്വാസം കണ്ടെത്തരുത്. പാപം മരണകരമായ വിഷംപോലെയാണ്. ഒരു തുള്ളിയോ നൂറു തുള്ളികളോ കുടിച്ചാൽ മരണം നിശ്ചയമാണ്. ബോദ്ധ്യമുള്ള എല്ലാ പാപങ്ങളും ഉപേക്ഷിക്കാൻ തീരുമാനിക്കുക.

തുടർന്ന് യേശുക്രിസ്തുവിൽ വിശ്വസിക്കുക. യേശുവിനെപ്പറ്റി കുറെ കാര്യങ്ങൾ മനസ്സുകൊണ്ട് വിശ്വസിക്കുകയല്ല, മറിച്ച് നിങ്ങൾ യേശുവിനെ വിശ്വസിച്ച് ജീവിതം യേശുവിനെ ഭരമേൽപിക്കുക. വീണ്ടും ജനിച്ചില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയില്ലെന്ന് യേശു നിക്കോദെമൊസിനോടു പറഞ്ഞു: "ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയകയില്ല. (യോഹ. 3:3). വചനത്താലും ആത്മാവിനാലുമാണ് വ്യക്തി വീണ്ടും ജനിക്കുന്നത്. "ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു. വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു." (യോഹ. 3:5,6). "അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നും" (എഫെ. 5:26). "കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നെ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു." (1 പത്രൊ. 1:23). ദൈവസഭയുടെ അടിസ്ഥാന ഉപദേശങ്ങളിൽ ആദ്യത്തേതാണ് ദൈവവചനം കൈക്കൊള്ളുക എന്നത്. (പ്രവ. 2:41,42). യെഹൂദന്മാരും (പ്രവ. 2:41), ശമര്യരും (പ്രവ. 8:14), ജാതികളും (11:1) ദൈവവചനം കൈക്കൊണ്ടു. യേശു യെഹൂദന്മാരോടു പറഞ്ഞു: ഞാൻ സത്യം പറയുന്നു എങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തതു എന്തു? "ദൈവസന്തതിയായവൻ ദൈവവചനം കേൾക്കുന്നു; നിങ്ങൾ ദൈവസന്തതിയല്ലായ്കകൊണ്ടു കേൾക്കുന്നില്ല" (യോഹ, 8:46). പൗലൊസ് അപ്പൊസ്തലൻ തെസ്സലൊനിക്യരോട് പറഞ്ഞു: ഞങ്ങൾ പ്രസംഗിച്ച ദൈവവചനം നിങ്ങൾ കേട്ടു, മനുഷ്യന്റെ വചനമായിട്ടല്ല സാക്ഷാൽ ആകുന്നതുപോലെ ദൈവവചനമായിട്ടു തന്നെ കൈക്കൊണ്ടതിനാൽ ഞങ്ങൾ ദൈവത്തെ ഇടവിടാതെ സ്തുതിക്കുന്നു; വിശ്വസിക്കുന്ന നിങ്ങളിൽ അതു വ്യാപരിച്ചുകൊണ്ടിരിക്കുന്നു (1 തെസ്സ. 2:13).

നിങ്ങൾ വീണ്ടും ജനിച്ചതാണെന്ന ഉറപ്പുണ്ടോ? റോമാലേഖനം 8 ന്റെ 15 ഇങ്ങനെ പറയുന്നു. "നിങ്ങൾ വീണ്ടും ജനിക്കുമ്പോൾ, നിങ്ങൾ ദൈവമക്കളാണെന്ന് പരിശുദ്ധാത്മാവ് നിങ്ങളുടെ ആത്മാവിനോട് സാക്ഷ്യം പറയും" ഇത് അത്ഭുതകരമായ ഒരു ജീവിതമാണ്. ലോകത്തിലേക്കും നല്ല ഒരു സ്നേഹിതനോടൊപ്പമുള്ള ജീവിതമാണത്. യേശു എല്ലായിടത്തും എല്ലായ്പ്പോഴും നമ്മോടൊപ്പം ഉള്ളതിനാൽ നാം ഒരിക്കലും തനിയേ അല്ല. നമ്മുടെ പ്രശ്നങ്ങൾ യേശുവിനോട് പങ്കിടുകയും സഹായത്തിനായി ആവശ്യപ്പെടുകയും ചെയ്യാം. നമ്മുടെ ഭാവി അവിടുത്തെ കരങ്ങളിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുകയാൽ ആകുലചിന്തയും ഭയവും അകന്ന് സന്തോഷഭരിതമായ ഒരു ജീവിതം സാദ്ധ്യമാകുന്നു.



# ഞാനും എന്റെ കുടുംബവും

തുടർച്ച



അതിശ്രേഷ്ഠമായ ആത്മീയ ഗുണങ്ങൾ നിറഞ്ഞ ഒരു ജീവിതമായിരുന്നു തിമൊഥെയോസിന്റേത്. "നിങ്ങളുടെ നന്മയ്ക്കായി പരമാർത്ഥമായിക്കരുതുവാൻ തുല്യചിത്തനായി അവനെപ്പോലെ മറ്റാരും എന്നോടൊപ്പമില്ല. മറ്റുള്ളവരെല്ലാം യേശുക്രിസ്തുവിന്റെ കാര്യമല്ല, സ്വന്തകാര്യമത്രേ നോക്കുന്നത്. എന്നാൽ അവനോ അപ്പനെ മകൻ സേവിക്കുന്നതുപോലെ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ സേവ ചെയ്തു എന്ന് നിങ്ങൾ അറിയുന്നുവല്ലോ. തിമൊഥെയോസ് എന്ന ഈ ചെറുപ്പക്കാരൻ തികച്ചും നിസ്വാർത്ഥമായ മനസ്സോടെ യേശുക്രിസ്തുവിന്റെ മഹത്വം മാത്രം അന്വേഷിച്ചുവന്നു. ദൈവജനത്തിന്റെ നന്മയെ മാത്രം കരുതുന്ന ഇത്തരം സഹപ്രവർത്തകർ പൗലൊസിന് മറ്റാരുമുണ്ടായിരുന്നില്ല. ഈ യുവാവിന്റെ സമർപ്പിത ജീവിതത്തിന്റെ രഹസ്യം, തന്റെ അമ്മയും ചെറുപ്പം മുതല്ക്കേ അവനെ ദൈവ വചനവും ദൈവഭക്തിയും അഭ്യസിപ്പിച്ചു എന്നതായിരുന്നു.



തിമൊഥെയോസിന്റെ മാതാവ് ഒരു യഹൂദസ്ത്രീയും പിതാവ് യവനനുമായിരുന്നു. പിതാവിനെപ്പറ്റി മറ്റു പരാമർശങ്ങൾ തിരുവെഴുത്തിൽ നാം കാണുന്നില്ല. അദ്ദേഹം ഒരു അവിശ്വാസി ആയിരുന്നിരിക്കാം. എന്നാൽ തന്റെ അമ്മ, വലിയമ്മ എന്നിവരെക്കുറിച്ച് മികച്ച കാര്യങ്ങളാണ് നാം വായിക്കുന്നത്. ആ നിർവ്യാജ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യുനിക്കയിലും ഉണ്ടായിരുന്നു. നിന്നിലും ഉണ്ടെന്നു ഞാൻ ഉറച്ചിരിക്കുന്നു.

പൗലൊസിന്റെ ഒന്നാം മിഷനറി യാത്രയിൽ യഹൂദ മതസ്ഥരായിരുന്ന ഇവർ ഇരുവരും ക്രിസ്തീയവിശ്വാസം സ്വീകരിച്ചെന്നും കരുതാം. ബാലനായിരുന്ന തിമൊഥെയോസിന് തിരുവെഴുത്തുകൾ പഠിക്കുന്നതിനും വ്യാജമോ കപടതയോ തീണ്ടാത്ത നിർമ്മല വിശ്വാസത്തിന്റെ വായു ശ്വസിച്ചു വളരുന്നതിനും ആ ഭവനത്തിന്റെ അന്തരീക്ഷം സഹായകമായി.

മക്കളെ ദൈവഭക്തിയിൽ വളർത്തിക്കൊണ്ടുവരുന്നതിൽ നിങ്ങളുടെ ഭാര്യയോ അഥവാ ഭർത്താവോ സഹകരിക്കുന്നില്ല എങ്കിൽ നിങ്ങൾ അതുനിമിത്തം അധൈര്യപ്പെട്ടു പോകരുത്. ഭർത്താവിന്റെ സഹായം കൂടാതെയാണല്ലോ തിമൊഥെയോസിന്റെ മാതാവ് യുനീക്ക ആ മഹത്കൃത്യം പൂർത്തീകരിച്ചത്. ആവലാതികൾ ഒഴിവാക്കി ദൈവകൃപയ്ക്കായി കൃപാസനത്തിനു സമീപം ചെല്ലുക; അവിടുത്തെ അത്യന്തശക്തി നിങ്ങളുടെ ബലഹീനതകളെ അതിജീവിക്കാൻ മതിയായതു തന്നെയാണ്,

യോഹന്നാന്റെ രണ്ടാം ലേഖനത്തിലാണ് ഇവരെപ്പറ്റി നാം വായിക്കുന്നത്. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലുള്ള പ്രാദേശിക സഭകളിലൊന്നിൽ ഉൾപ്പെട്ടുനിന്നിരുന്ന ദൈവഭക്തയായിരുന്ന ഒരു മാന്യസഹോദരിക്കും (the chosen lady) കുടുംബ ത്തിനുമാണ് ഈ ലേഖനം എഴുതപ്പെട്ടിരിക്കുന്നത്. അപ്പൊസ്തലൻ ഈ കുടുംബാംഗങ്ങളുമായി ദൃഢമായ സുഹൃദ്ബന്ധം സ്ഥാപിച്ചിരുന്നുവെന്നും വ്യക്തമാണ്.

"നമുക്കു പിതാവിങ്കൽനിന്നു കല്പന ലഭിച്ചതുപോലെ അവിടുത്തെ മക്കളിൽ ചിലർ സത്യത്തിൽ നടക്കുന്നതു കണ്ട് ഞാൻ അത്യന്തം സന്തോഷിച്ചു. വിദ്യാഭ്യാസവും സമ്പത്തും സമൂഹത്തിൽ ആദരവുമുള്ള ഈ മാന്യവനിത ദൈവത്തെ അറിയുന്നവളും തന്റെ മക്കളെ സത്യത്തിൽ നടക്കുന്നവരായി വളർത്തിയവളും ആയിരുന്നു. എത്ര മനോഹരമായ ഒരു അവസ്ഥ. ഈ ചെറു ലേഖനത്തിൽ സത്യം, സ്നേഹം എന്നീ രണ്ടു വിഷയങ്ങൾ മാത്രമേ അപ്പൊസ്തലനായ യോഹന്നാന് പറയാനുള്ളൂ. തന്റെ നാഥനായ യേശുവിൽ ഇവ രണ്ടും നിറഞ്ഞു നിൽക്കുന്നത് അദ്ദേഹം നേരിൽ കണ്ടിട്ടുണ്ട്. ഇപ്പോൾ അതേ കാര്യങ്ങൾ ഈ മാന്യസഹോദരിയുടെ മക്കളിലും കാണുമ്പോൾ അദ്ദേഹം ഏറെ സന്തോഷിക്കുന്നു!.

പ്രിയപ്പെട്ട മാതാപിതാക്കളേ, നാം സത്യം മുറുകെപ്പിടിക്കുന്നവരും സകലവിധ വ്യാജവും അസത്യവും വെറുക്കുന്നവരും ആയിരുന്നാൽ നമ്മുടെ മക്കളും സത്യത്തിൽ നടക്കുന്നതു കണ്ടു സന്തോഷിക്കും. നമ്മുടെ വാക്കും പ്രവൃത്തിയും പൊരുത്തപ്പെട്ടുപോകട്ടെ; ഒരു പക്ഷേ നമ്മിലുള്ള ഉപായങ്ങൾ മക്കൾക്ക് അപായമായിത്തീർന്നേക്കാം!

പുതിയനിയമസഭയുടെ അധ്യക്ഷന്മാർ, ശുശ്രൂഷകന്മാർ എന്നിവരുടെ യോഗ്യതകളെപ്പറ്റി അപ്പൊസ്തലനായ പൗലൊസ് പറയുന്നത് ശ്രദ്ധിക്കുക: "അധ്യക്ഷൻ സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കണം... ശുശ്രൂഷകന്മാർ ഏക ഭാര്യയുള്ള ഭർത്താക്കന്മാരും മക്കളെയും സ്വന്ത കുടുംബങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കണം".

ക്രിസ്തീയനേതൃത്വത്തിലും ശുശ്രൂഷയിലും ഏർപ്പെട്ടിരിക്കുന്ന മാതാപിതാക്കളായവർ തങ്ങളുടെ ഉത്തരവാദിത്വത്തെ ഗൗരവമായി കാണേണ്ടതുണ്ട്. ക്രിസ്തീയശുശ്രൂഷകരായ പലരും വേലയുടെ ആധിക്യമോ സമർദ്ദമോ കാരണം കുടുംബത്തെ അവഗണിക്കുന്ന വീഴ്ച വരുത്തുന്നതു കാണാം. എന്നാൽ ഇതിന് യാതൊരു ന്യായീകരണവുമില്ല. യഥാർത്ഥ ക്രിസ്തീയ നേതൃത്വം ആരംഭിക്കേണ്ടത് സ്വന്തഭവനത്തിലാണ്.

ഒരാൾ തന്റെ മക്കളെ കരുതുവാനും പഠിപ്പിക്കുവാനും ശിക്ഷണത്തിൽ വളർത്തുവാനും മനസ്സുള്ളവനല്ലെങ്കിൽ അയാൾ ദൈവസഭയെ നയിക്കാൻ യോഗ്യതയുള്ളവനല്ല. ചെറിയ കാര്യങ്ങളിൽ വിശ്വസ്തരല്ലാത്തവരെ ദൈവം തന്റെ വേലയുടെ ചുമതല ഏല്പിക്കയില്ല എന്നറിയുക. സുവിശേഷവേലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾ വഴിതെറ്റിപ്പോകുന്നതായി സാധാരണ പറഞ്ഞുകേൾക്കാറുണ്ട്. സഭാമൂപ്പന്മാരുടെയും പാസ്റ്റർമാരുടെയും മക്കൾ പലപ്പോഴും ദൈവവചനത്തോട് തീരെ ബഹുമാനം കാട്ടാത്തവരും 'നിയമം സ്വന്തകൈകളിൽ എടുക്കുന്നവരും' ലൗകികന്മാരായി ജീവിക്കുന്നവരുമാണെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇത് ദൈവനാമത്തിന് അപമാനകരമാണെന്നു പറയാതെ വയ്യ. ദൈവവേലക്കാർ നിശ്ചയമായും ഇക്കാര്യം ഗൗരവമായി

ശേഷം 6-ാം പേജ്

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ

തുടർച്ച



ദൈവിക മഹത്വത്തിൽ ലഭിക്കുന്ന പങ്കിനെ ഇതു സൂചിപ്പിക്കുന്നു. ക്രിസ്തുനാഥൻ തന്റെ പരസ്യജീവിതകാലത്ത് പല പ്രതീകങ്ങളിലൂടെ ആവർത്തിച്ചിട്ടുള്ള ഈ വാഗ്ദാനം (മത്താ 19:28; ലൂക്കാ 22:30, യോഹ 14:3.23, 17:24) യുഗാന്ത്യത്തിലാണ് പൂർത്തിയാവുക.

**3:22**, ആത്മാവ് സഭകളോടു പറയുന്നതെന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ഏഴു ലേഖനങ്ങളിലും ആവർത്തിക്കുന്ന ഈ ആഹ്വാനം പ്രത്യേകം ശ്രദ്ധേയമാണ്. ഓരോ സഭയ്ക്കും എഴുതുന്ന ലേഖനത്തിന്റെ അവസാനം ഇപ്രകാരമൊരു ആഹ്വാനം നല്കുന്നതിനാൽ ഓരോന്നിലും പറയുന്ന കാര്യങ്ങൾ ആ സഭയെ മാത്രം ഉദ്ദേശിച്ചുള്ളതല്ല എന്നു വ്യക്തമാക്കുന്നു. ക്രിസ്തുവിനു നല്കുന്ന വിശേഷണങ്ങളും സഭകൾക്കു നല്കുന്ന ഉപദേശങ്ങളും തിരഞ്ഞെടുക്കുന്നതിൽ ഓരോ സഭയുടെയും പ്രത്യേക ചരിത്രപശ്ചാത്തലത്തിന്റെ സ്വാധീനം ഉണ്ട്. എന്നാൽ സഭകളോടാണ് ഉത്ഥിതനായ ക്രിസ്തു ഓരോ ലേഖനത്തിലും സംസാരിക്കുന്നത്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനം ഏഷ്യാമൈനറിൽ ജീവിച്ചിരുന്ന ക്രിസ്തുവിശ്വാസികളുടെ സമൂഹങ്ങൾ മാത്രമല്ല, എല്ലാ കാലത്തും ലോകത്തെല്ലായിടത്തും ജീവിക്കുന്ന ക്രിസ്തീയസമൂഹങ്ങൾ മുഴുവൻ ഇവിടെ വിവക്ഷിക്കപ്പെടുന്നുണ്ട്. ചില സഭകൾക്ക് ശകാരം മാത്രം കിട്ടുന്നതിനാൽ അവ മറ്റു സഭകളേക്കാൾ മോശമായിരുന്നു എന്ന ചരിത്രപരമായ നിഗമനത്തിൽ എത്തുകയല്ല, വിമർശനങ്ങളും ശാസനകളും എപ്രകാരം സഭാസമൂഹങ്ങൾക്ക് ബാധകമാകുന്നു എന്ന് പരിശോധിക്കുകയാണ് ചെയ്യേണ്ടത്. പ്രശംസയും പ്രോത്സാഹനവും വാഗ്ദാനങ്ങളും എല്ലാം ഇതേ രീതിയിൽ തന്നെ പരിഗണിക്കണം.

എല്ലാ ലേഖനങ്ങളും കൂടെ ഒരുമിച്ചു കാണുമ്പോൾ സഭയുടെ പൊതുവായ ചിത്രമായിരിക്കും ലഭിക്കുക. രാജാരാധനയും, വിഗ്രഹാരാധനയും, വിഗ്രഹങ്ങൾക്ക് അർപ്പിച്ചവയിലുള്ള പങ്കുചേരലും എല്ലാം ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഇന്നും പ്രസക്തമാണ്. ഭൗതികനേട്ടങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി ക്രിസ്തുവിലുള്ള വിശ്വാസം തള്ളിപ്പറയാനുള്ള പ്രലോഭനം എന്നും നിലനില്ക്കുന്നു. ഉത്ഥിതനായ നാഥന്റെ താക്കീതുകൾ ഗൗരവമായിത്തന്നെ ഇന്നും സ്വീകരിക്കാൻ പ്രാദേശിക സമൂഹങ്ങളും ആഗോളസഭയും കടപ്പെട്ടിരിക്കുന്നു.

സഭാസമൂഹങ്ങളെ മാത്രമല്ല, ഓരോ വ്യക്തിയെയും സംബന്ധിക്കുന്നതാണ് ലേഖനങ്ങളിലെ ശാസനകളും പ്രോത്സാഹനങ്ങളും താക്കീതുകളും വാഗ്ദാനങ്ങളും. അതിനാൽ ഓരോ ലേഖനവും വായിക്കുമ്പോൾ ദൈവത്തിന്റെ ആത്മാവ് തന്നോട് എന്താണ് പറയുന്നത് എന്നു കേൾക്കാൻ ഓരോരുത്തരും കാതോർക്കണം.

**വിചിന്തനം:** രാജാവിന്റെ പ്രതിമയ്ക്കു മുമ്പിൽ ധൂപം അർപ്പിച്ച് വിഗ്രഹാരാധന നടത്താൻ വിസമ്മതിച്ചതിന്റെ പേരിലാണ് യോഹന്നാൻ നാടുകടത്തപ്പെട്ടത്. ഇത് വിഗ്രഹാരാധനയുടെ ഒരു ഭാവം മാത്രമേ ആകുന്നുള്ളൂ. ദൈവത്തിന്റെ സ്ഥാനത്ത് മനുഷ്യൻ നിർമ്മിച്ചു പ്രതിഷ്ഠിക്കുന്ന എന്തും വിഗ്രഹമാണ്. അത് പണമാകാം, പ്രത്യയശാസ്ത്രങ്ങളാകാം, വ്യക്തിതാല്പര്യങ്ങളാകാം. വിഗ്രഹാരാധനയ്ക്കെതിരേയാണ് മനുഷ്യപുത്രൻ ഏറ്റം വലിയ താക്കീതുകൾ നൽകുന്നത്.

ത്യാഗങ്ങൾ സഹിച്ചും വിശ്വാസത്തിൽ ഉറച്ചു നിൽക്കാൻ എല്ലാ ലേഖനങ്ങളും ആവശ്യപ്പെടുന്നു. അവസാനംവരെ വിശ്വസ്തത പാലിക്കുന്നവർക്കേ രക്ഷ ലഭിക്കൂ. ഞാൻ വിശുദ്ധനാണെന്ന അഹങ്കാരവും എനിക്കെല്ലാം തികഞ്ഞു എന്ന സ്വയം പര്യാപ്തതാബോധവും വിട്ട്, എന്റെ യഥാർത്ഥമായ അവസ്ഥ കാണാൻ ഉൾക്കണ്ണുകൾ തുറക്കണം. അതിന് ആത്മാവിന്റെ പ്രത്യേക പ്രകാശനം ആവശ്യമാണ്. മാനസാന്തരത്തിനായി ഹൃദയവാതിലിൽ മുട്ടുന്ന യേശുവിന്റെ സ്വരത്തിന് ഞാൻ കാതോർക്കണം.

ഈ ലോകത്തിലെ ഓരോ സംഭവത്തിലും, പ്രത്യേകിച്ചും നിഷേധാത്മകം എന്നു തോന്നുന്ന സംഭവങ്ങളിലും, തിന്മയുടെയും നന്മയുടെയും സ്വാധീനം കാണാൻ കഴിയും. വിശ്വാസത്തിന്റെ കണ്ണിലൂടെ നോക്കുന്നവർക്ക് തിന്മയുടെ സ്വാധീനം മാത്രമല്ല, അതിലുപരി ദൈവത്തിന്റെ സാന്നിധ്യവും പ്രവർത്തനവും തിരിച്ചറിയാൻ കഴിയും

**വെളിപ്പാട് 4:1–5:14..., സ്വർഗ്ഗീയ സദസ്**

ക്രിസ്തു സഭകളെക്കുറിച്ചു നടത്തുന്ന വിലയിരുത്തലും സഭകൾക്കു നല്കുന്ന സന്ദേശങ്ങളുമാണ് വെളിപ്പാടു പുസ്തകത്തിന്റെ ആദ്യഭാഗത്ത് ഏഴു ലേഖനങ്ങളിലൂടെ അവതരിപ്പിച്ചത്. ആസന്നമായിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പുകളും അടുത്തെത്തിയിരിക്കുന്ന രക്ഷയെക്കുറിച്ചുള്ള വാഗ്ദാനങ്ങളും ലേഖനങ്ങളിൽ പലതവണ ആവർത്തിക്കുകയുണ്ടായി. അവ നടപ്പാക്കുന്നതിന്റെ ചിത്രമാണ് പുസ്തകത്തിന്റെ രണ്ടാംഭാഗത്ത് അവതരിപ്പിക്കുന്നത്. ആദ്യഭാഗം മുഖ്യമായും ഇടയലേഖന ശൈലിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ രണ്ടാം ഭാഗത്ത് അപ്പോകലിപ്റ്റിക് ശൈലിക്കു മുൻതൂക്കം നല്കിയിരിക്കുന്നു. ഒന്നിനുപുറകേ ഒന്നായി അതിവേഗം കടന്നുവരുന്ന ദർശനപരമ്പരയിൽ ആദ്യത്തേതാണ് 4–5 അധ്യായങ്ങളിൽ അവതരിപ്പിക്കുന്ന സ്വർഗ്ഗീയ സദസിന്റെ ചിത്രം.

യേശുവിന്റെ പേരിൽ ജയിൽ വാസത്തിന്റെയും പീഡനങ്ങളുടെയും മരണത്തിന്റെയും നിരന്തര ഭീതിയിൽ കഴിയുന്ന സഭയുടെ ശ്രദ്ധ ഗ്രന്ഥകാരൻ കണ്ണീരിന്റെ താഴ്വരയായ ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്കുയർത്തുന്നു. തുറന്നിട്ടിരിക്കുന്ന ഒരു വാതിലിലൂടെ സ്വർഗ്ഗീയ സദസ് അകലെനിന്നു നോക്കി കാണാനേ കഴിയുന്നുള്ളുവെങ്കിലും ഈ കാഴ്ച പീഡിതർക്ക് പ്രത്യാശയും ചഞ്ചലചിത്തർക്കു ധൈര്യവും പകരുന്നതാണ്. അപ്പോകലിപ്റ്റിക് ശൈലി ഉപയോഗിക്കുമ്പോഴും യോഹന്നാൻ അജപാലകന്റെയും പ്രവാചകന്റെയും ധർമ്മമാണ് അനുഷ്ഠിക്കുന്നത്.

സ്വർഗ്ഗീയ സിംഹാസനത്തിന്റെ ദർശനത്തോടെ ആരംഭിക്കുന്ന രണ്ടാംഭാഗം പ്രപഞ്ചത്തിന്റെ നാഥൻ ആരെന്നു വ്യക്തമാക്കുന്നു. റോമാചക്രവർത്തിയല്ല, സ്വർഗ്ഗത്തിൽ സിംഹാസനസ്ഥനായിരിക്കുന്ന ദൈവമാണ് ലോകചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നത്. അതിനാൽ ദൈവത്തിന്റെ മഹത്വത്തെയും ശക്തിപ്രാഭവങ്ങളെയുംകുറിച്ചുള്ള ദർശനം ഈ ഭാഗത്തിന് ആമുഖമായി നില്ക്കുന്നു.

സ്വർഗ്ഗീയ സദസിന്റെ ദർശനം വ്യക്തമായും രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 4:1–11 സ്വർഗ്ഗത്തിൽ സിംഹാസനസ്ഥനായ ദൈവത്തിന്റെ ചിത്രം അവതരിപ്പിക്കുന്നു. 5:1–14 മുദ്രിതമായ ചുരുൾ സ്വീകരിക്കുന്ന കുഞ്ഞാടിന്റെ ചിത്രം വർണ്ണിക്കുന്നു. രണ്ടു ചിത്രങ്ങളും ആരാധനാ കീർത്തനങ്ങളോടെ അവസാനിക്കുന്നു. സൃഷ്ടപ്രപഞ്ചം മുഴുവനും ദൈവത്തിനും കുഞ്ഞാടിനും ഒരുമിച്ച് ആരാധനയർപ്പിക്കുന്നു.

**വെളിപ്പാട് 4:1–8, സ്വർഗ്ഗീയ സിംഹാസനം**

പുസ്തകത്തിന്റെ രണ്ടാംഭാഗത്തെ ഒന്നാംഭാഗവുമായി ബന്ധിപ്പിക്കുന്നതാണ് ഈ വാക്യം (വാ 1). ഇതിനുശേഷം, ആദ്യത്തെ സ്വരം, ഇവയ്ക്കുശേഷം എന്നീ പദങ്ങൾ ഈ ബന്ധം ഉറപ്പിക്കുന്നു. വെളിപ്പാടു പുസ്തകത്തിലെ ദർശനങ്ങൾ ഒരേ സ്ഥലത്തു വച്ചു ലഭിച്ചവയാണെന്നും ഉത്ഥിതനായ നാഥനാണ് വെളിപ്പാടു നല്കുന്നതെന്നും ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. സഭയുടെ ഇപ്പോഴത്തെ അവസ്ഥയാണ് ആദ്യഭാഗത്തു വിവരിച്ചത്. ഭാവിയെ സംബന്ധിക്കുന്നവ രണ്ടാം ഭാഗത്തു വിവരിക്കുന്നു. (തുടരും)



# വെളിപ്പാടിന്റെ ചരിത്രം

തുടർച്ച



വെളി 1:12–20–ൽ വിവരിക്കുന്ന മനുഷ്യപുത്രദർശനം ദാനി. 10:1–21 ൽ നിന്ന് എടുത്തതാണ്. എങ്കിലും ദാനിയേലിന്റെ ദർശനം അതേപടി പകർത്തുകയല്ല യോഹന്നാൻ ചെയ്യുന്നത്. ദർശനത്തിന്റെ പൊതുഘടനയ്ക്കു പുറമേ, സ്വർണ്ണംകൊണ്ടുള്ള അരപ്പട്ട, പ്രകാശിക്കുന്ന മുഖം ജ്വലിക്കുന്ന കണ്ണുകൾ, ദർശനമാത്രയിൽ ദാനിയേലിനുണ്ടായ ബോധക്ഷയം, വീണുകിടന്നവനെ സ്പർശിച്ച ശക്തി പകർന്നത് . ഇത്രയും ഘടകങ്ങളാണ് ഈ ദർശനത്തിൽ നിന്നു യോഹന്നാൻ സ്വീകരിച്ചിരിക്കുന്നത്. മറ്റു വിശദാംശങ്ങൾ പല ഭാഗങ്ങളിൽ നിന്നെടുത്തതാണ്. മനുഷ്യപുത്രൻ ദാനി. 7:13, വെൺകമ്പിളിപോലെ ധവളമായ ശിരസും മുടിയും ദാനി. 7:9 ഉലയിൽ ചുട്ടുപഴുപ്പിച്ച് തിളങ്ങുന്ന പിച്ചളപോലുള്ള പാദങ്ങൾ – എസെ. 1:7, പാദം വരെ നീണ്ടു കിടക്കുന്ന മേലങ്കി പുറ 28:31–32. ഏഴു പീഠങ്ങൾ ജറുസലെം ദേവാലയത്തിൽ ഉണ്ടായിരുന്നതും, യഹൂദജനതയുടെ പ്രതീകവുമായ ഏഴു ശാഖകളുള്ള ദീപപീഠത്തെ അനുസ്മരിപ്പിക്കുന്നതാണ്.

പഴയനിയമത്തിലെ പ്രതീകങ്ങൾ സ്വന്തമാക്കി ഉപയോഗിക്കുന്നതിനാൽ ആ പ്രതീകങ്ങളുടെ പിൻബലത്തിൽ മാത്രം ആശ്രയിച്ച് വെളിപ്പാടുപുസ്തകത്തിന്റെ ഘടന നിശ്ചയിക്കാനാവില്ല.

ലോകത്തിന്റെയും മനുഷ്യന്റെയും ഉത്ഭവം, തിന്മയുടെ തുടക്കം, ചരിത്രത്തിന്റെ ലക്ഷ്യം തുടങ്ങിയ പ്രാപഞ്ചികസത്യങ്ങളെ സംബന്ധിച്ച് ജനസമൂഹങ്ങളുടെ അബോധമനസ്സിൽ രൂപംകൊണ്ട ആദികഥകളാണ് മിത്തുകൾ എന്നു പറയാം. ഇതിലെ കഥാപാത്രങ്ങളെല്ലാം അതിമാനുഷരാണ്. അതിപുരാതന കാലത്തു സംഭവിച്ചവ എന്ന വിധത്തിൽ ഇവയെ പുരാണങ്ങൾ എന്നു വിളിക്കാം. പറക്കുന്ന പർവ്വതങ്ങൾ, സംസാരിക്കുന്ന മൃഗങ്ങൾ, ഘോരസംഘട്ടനത്തിൽ ഏർപ്പെടുന്ന നന്മ തിന്മയുടെ ശക്തികൾ ഇവയൊക്കെ എല്ലാ പുരാതന മതങ്ങളിലും പ്രചാരത്തിലിരുന്ന മിത്തുകളാണ്. ഒരുദാഹരണം മാത്രം ഇവിടെ എടുത്തു കാട്ടാം.

ഗർഭിണിയായ സ്ത്രീയുടെ മിത്ത് മിക്കവാറും എല്ലാ പുരാതനമതങ്ങളിലും പ്രചാരത്തിലിരുന്നു. മൂന്നു മുഖ്യ കഥാപാത്രങ്ങളാണ് ഇതിലുള്ളത് – സ്ത്രീ, ശിശു, സർപ്പം. ഗർഭിണി പ്രസവിക്കുന്ന ശിശുവിനെ കൊല്ലാൻ സർപ്പം കാത്തു നില്ക്കുന്നു. എന്നാൽ ജനിച്ചയുടനെ ശിശു സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെടുന്നു. സ്ത്രീയും ശിശുവും നന്മയുടെയും സർപ്പം തിന്മയുടെയും പ്രതീകങ്ങളാണ്. ബാബിലോണിൽ ഡംകിനാ – മർദുക് തിയാമത് എന്ന പേരുകളിലാണ് ഈ മൂന്നു കഥാപാത്രങ്ങൾ അറിയപ്പെട്ടിരുന്നത്. ഈജിപ്തിലാകട്ടെ ഈസിസ് ഹോരസ് – തിഫോൺ എന്നും, ഗ്രീസിൽ ലേത്തോ – അപ്പോളോ – പിഗോൺ എന്നും ഇവർ അറിയപ്പെട്ടിരുന്നു. ഭാരതീയ ചിന്തയിൽ പ്രചാരത്തിലിരിക്കുന്ന യശോദര–കൃഷ്ണൻ കംസൻ (കാളിയൻ) സങ്കല്പവും ഇതേ മിത്തിന്റെ മറ്റൊരു രൂപമായി കരുതാവുന്നതാണ്. യഹൂദരുടെ ഇടയിൽ പ്രചാരത്തിലിരുന്ന സിയോൺ കന്യക–മിശിഹാ–ലെവിയാത്തൻ (സാത്താൻ സർപ്പം) സങ്കല്പത്തിൽ ഈ മിത്തിന്റെ സ്വാധീനമുണ്ട്. റോമൻ ചക്രവർത്തിയെ ദൈവമായി ആരാധിക്കുന്നതിലും ഈ മിത്തിന്റെ സ്വാധീനം കാണാം. ദേവറാണിയായ റോമായുടെ മകനാണ് ദേവനായ ചക്രവർത്തി.

ഈ മിത്തിലെ ചില ഘടകങ്ങൾ സ്വന്തമായ രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ട് ലോകജനതകളും ഇസ്രായേൽ ജനവും പ്രതീക്ഷിച്ചിരുന്ന ദൈവികശിശു യേശുക്രിസ്തുവാണെന്നു യോഹന്നാൻ സ്ഥാപിക്കുന്നു. അതേസമയം, ദേവതയായി പരിഗണിക്കപ്പെട്ടിരുന്ന റോമാസാമ്രാജ്യം സർപ്പത്തിന്റെ സ്ഥാനത്തേക്കു മാറ്റി നിർത്തപ്പെടുകയാണ്. നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനവും തിന്മയുടെമേൽ നന്മയുടെ ആത്യന്തികമായ വിജയവും വെളിപ്പാടു ഗ്രന്ഥത്തിന്റെ അടിസ്ഥാന പ്രമേയങ്ങളിലൊന്നാണ്.

**4. ഘടന**

വളരെ കണിശമായ ഒരു വിഭജനത്തിനു വെളിപ്പാടു പുസ്തകം വഴങ്ങുകയില്ല എന്ന് മേൽവിവരിച്ചവയുടെ വെളിച്ചത്തിൽ വ്യക്തമാകുന്നു. അതിനാലാണ് വ്യാഖ്യാതാക്കളുടെ ഇടയിൽ ഘടനയെക്കുറിച്ച് അഭിപ്രായഭിന്നത നിലനില്ക്കുന്നത്. എന്നാലും ഘടനയെ സംബന്ധിച്ച് വളരെ സ്പഷ്ടമായ ചില സൂചനകൾ പുസ്തകത്തിൽ തന്നെ കാണാം.

വ്യക്തമായ ഒരാമുഖവും (1:1–8) ഉപസംഹാരവും (22:6–21) പുസ്തകത്തിനുണ്ട്. പുസ്തകത്തിന്റെ ഉള്ളടക്കത്തെ ഇപ്പോൾ ഉള്ളവയും ഭാവിയിൽ സംഭവിക്കാനിരിക്കുന്നവയും (1:19) എന്നാണ് ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നത്. 4–1–ൽ ഇനിയും സംഭവിക്കാനിരിക്കുന്നവയെ നിനക്കു കാണിച്ചു തരാം എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്ന് ഗ്രന്ഥകാരൻ പുസ്തകത്തെ വ്യക്തമായും രണ്ടു ഭാഗങ്ങളായി തിരിക്കുന്നതായി അനുമാനിക്കാം 2–3 അധ്യായങ്ങൾ സഭയുടെ ഇപ്പോഴത്തെ അവസ്ഥയെയും 4–22 അധ്യായങ്ങൾ രക്ഷാകര പ്രവൃത്തിയുടെ പൂർത്തീകരണത്തെയും വിവരിക്കുന്നു.

# നാല് വിളക്കുകൾ



ഒരിടത്ത് ശ്യാംലാൽ എന്നൊരു ധനികനുണ്ടായിരുന്നു. ധാരാളം സമ്പത്തുണ്ടെങ്കിലും ഭയങ്കര അത്യാഗ്രഹിയായിരുന്നു അയാൾ. ഒരിക്കൽ അദ്ദേഹത്തിന്റെ വീട്ടിൽ ഒരു സന്ന്യാസി വന്നെത്തി. ശ്യാംലാൽ സന്ന്യാസിയെ നന്നായി സത്കരിച്ചു. സന്തോഷവാനായ സന്ന്യാസി ശ്യാംലാലിന് നാല് വിളക്കുകൾ കൊടുത്തിട്ടുപറഞ്ഞു:

"താങ്കൾക്ക് പണത്തിന് ആവശ്യം വരുമ്പോൾ ഈ വിളക്കുകൾ ഉപയോഗിക്കാം. ആദ്യത്തെ വിളക്കെടുത്ത് കത്തിച്ചിട്ട് കിഴക്കേദിക്കിലേക്ക് നടക്കണം. വിളക്ക് എവിടെവെച്ചാണോ അണയുന്നത് അവിടം കുഴിക്കണം. അവിടെ നിധിയുണ്ടാവും."

"അപ്പോൾ മറ്റ് വിളക്കുകളോ?" ശ്യാംലാൽ ചോദിച്ചു.

"പറയാം. താങ്കൾക്ക് കിട്ടിയ നിധി പോരെങ്കിൽ രണ്ടാമത്തെ വിളക്ക് കത്തിച്ചിട്ട് പടിഞ്ഞാറേദിക്കിലേക്ക് നടക്കണം. വിളക്ക് എവിടെവച്ചാണോ കെട്ടുപോകുന്നത് അവിടം കുഴിച്ചു നോക്കുക. നിധികിട്ടും."

ഒന്നുനിർത്തി സന്ന്യാസി തുടർന്നു.

"ഇനി അതും പോരാതെ വരുകയാണെങ്കിൽ മൂന്നാമത്തെ വിളക്കുകത്തിച്ചിട്ട് തെക്കേദിക്കിലേക്ക് നടക്കുക. വിളക്ക് കെട്ടുപോകുന്നിടത്ത് കുഴിച്ചാൽ താങ്കൾക്ക് ധാരാളം പണം കിട്ടും. ഇനി ഒരുവിളക്കും വടക്കേദിക്കും ബാക്കിയില്ലേ. എന്തുവന്നാലും നാലാമത്തെ വിളക്ക് കത്തിച്ചിട്ട് വടക്കേദിക്കിലേക്ക് നടക്കരുത്." ഇത്രയും പറഞ്ഞിട്ട് സന്ന്യാസി യാത്രയായി.

ശ്യാംലാലിന് സന്തോഷം അടക്കാനായില്ല. പിറ്റേന്നുതന്നെ ആദ്യത്തെ വിളക്ക് കത്തിച്ച് അയാൾ കിഴക്കേ ദിക്കിലേക്ക് നടന്നു. കുറെ നടന്നപ്പോൾ ഒരു കാട്ടിലാണ് ചെന്നെത്തിയത്. കുറച്ചുകൂടി നടന്നതും വിളക്ക് പെട്ടെന്ന് അണഞ്ഞു. ശ്യാംലാൽ വേഗം അവിടം കുഴിച്ചു. അതാ ഒരു കുടം. അയാൾ അത് തുറന്നുനോക്കി. അതിൽ നിറഞ്ഞിരിക്കുന്ന സ്വർണാഭരണങ്ങൾ കണ്ട് അയാളുടെ കണ്ണ് മഞ്ഞളിച്ചു. അതുമായി ശ്യാംലാൽ വേഗം വീട്ടിലേക്ക് മടങ്ങി.

പിറ്റേന്ന് രണ്ടാമത്തെ വിളക്കുകത്തിച്ചിട്ട് അയാൾ പടിഞ്ഞാറേദിക്കിലേക്ക് നടന്നു. കുറെ നടന്നപ്പോൾ വിളക്കണഞ്ഞു. അവിടം കുഴിച്ചപ്പോൾ കുടം കണ്ടു. അതിൽ നിറയെ സ്വർണനാണയങ്ങളായിരുന്നു. സന്തോഷത്തോടെ അതുമായി മടങ്ങി.

അടുത്തദിവസം മൂന്നാമത്തെ വിളക്കും കത്തിച്ച് അയാൾ തെക്കേദിക്കിലേക്ക് നടന്നു. ഒരു മരച്ചുവട്ടിലെത്തിയപ്പോഴാണ് വിളക്ക് കെട്ടത്. അയാൾ അവിടം കുഴിച്ച് കുടമെടുത്തു. നോക്കുമ്പോഴതാ അതിൽ നിറയെ രത്നങ്ങൾ, അയാൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

പിറ്റേന്ന് ശ്യാംലാലിന് ഒരുതോന്നൽ: ആ നാലാമത്തെ വിളക്കും കത്തിച്ച് വടക്കോട്ട് നടന്നു നോക്കിയാലോ. ചിലപ്പോൾ ഇതിലും കൂടുതൽ സമ്പത്ത് അവിടുണ്ടാവും. ഞാനത് എടുക്കാതിരിക്കാൻ സന്ന്യാസി പറഞ്ഞ കള്ളമായിരിക്കും അത്.

ശ്യാംലാൽ നാലാമത്തെ വിളക്കും കത്തിച്ച് വടക്കേ ദിക്കിലേക്ക് നടന്നു. ഒരു വലിയ കൊട്ടാരത്തിന്റെ കവാടത്തിലെത്തിയപ്പോഴാണ് വിളക്കണഞ്ഞത്. അയാൾ വാതിൽ തള്ളിത്തുറന്ന് അകത്തുകടന്നു. ആദ്യം കണ്ട മുറി തുറന്നുനോക്കുമ്പോഴതാ സ്വർണവും രത്നങ്ങളുംകൊണ്ട് അത് നിറഞ്ഞിരിക്കുന്നു. എല്ലാമുറികളിലും ഇതുതന്നെയാണ് കണ്ടത്, ഒരു മുറി ഒഴികെ. ആമുറിയിൽനിന്ന് എന്തോ യന്ത്രം പ്രവർത്തിക്കുന്ന ശബ്ദമാണ് വരുന്നത്. അയാൾ മുറി തുറന്നുനോക്കി. ഒരു വൃദ്ധൻ ഒരു യന്ത്രം കറക്കിക്കൊണ്ടിരിക്കുന്നു.

ശ്യാംലാൽ അയാളോട് ചോദിച്ചു: "താങ്കളെങ്ങനെ ഇവിടെത്തി?'

വൃദ്ധൻ ശ്യാംലാലിനെ നോക്കിയിട്ടു പറഞ്ഞു: "കുറച്ചുനേരത്തേക്ക് ഈ യന്ത്രമൊന്ന് കറക്കുമോ? എനിക്ക് അല്പം വിശ്രമിക്കണം... അപ്പോൾ ഞാൻ എന്റെ കഥപറയാം."

"ഇനിയും കൂടുതൽ പണമുള്ള സ്ഥലം ഈ വൃദ്ധന് അറിയുമായിരിക്കും. ഏതായാലും സഹായിക്കാം എന്നു കരുതി ശ്യാംലാൽ യന്ത്രം കറക്കാമെന്നേറ്റു. വൃദ്ധനിരുന്നിടത്ത് ഇരുന്ന് ശ്യാംലാൽ യന്ത്രം കറക്കിത്തുടങ്ങി. ഈ സമയം വൃദ്ധൻ എഴുന്നേറ്റു നിന്ന് ശ്യാംലാലിനെ നോക്കി ഉറക്കെച്ചിരിച്ചു."

എന്തിനാ താങ്കൾ ചിരിക്കുന്നത്?" എന്നു ചോദിച്ചുകൊണ്ട് ശ്യാംലാൽ യന്ത്രം കറക്കുന്നത് നിർത്തി.

"അയ്യോ, നിർത്തരുതേ. യന്ത്രം കുറക്കുന്നത് നിർത്തിയാൽ ഈ കൊട്ടാരം ഇടിഞ്ഞുപൊളിഞ്ഞുവീഴും. താൻ അതിനടിയിൽപ്പെട്ട് മരിക്കുകയും ചെയ്യും. വൃദ്ധൻ പറഞ്ഞു. "ഇനിമുതൽ ഈ കൊട്ടാരവും ഇതിലെ സ്വത്തും തനിക്കുള്ളതാണ്. അതുപോലെ ഈ യന്ത്രവും, പക്ഷേ, യന്ത്രത്തിന്റെ കറക്കം നിർത്തിയാൽ തന്റെ അന്ത്യമാവും. പേടിച്ചുപോയ ശ്യാംലാൽ യന്ത്രം വീണ്ടും കറക്കാൻ തുടങ്ങി.

വൃദ്ധൻ ഒരു ദീർഘശ്വാസമെടുത്തുകൊണ്ട് തുടർന്നു: 'എന്റെ അത്യാഗ്രഹം മൂലം, ഒരു സന്ന്യാസി തന്ന വിളക്കുകളിൽ നാലാമത്തെതുംകൊണ്ട് വർഷങ്ങൾക്കുമുൻപ് എത്തിയതാണ് ഞാൻ. അന്നിവിടിരുന്നയാൾ എനിക്ക് കൈമാറിയതാണ് ഈ യന്ത്രം. എന്റെ നല്ലകാലമെല്ലാം ഇവിടെ പാഴായിപ്പോയി. ഇനി തന്റെ ഊഴമാണ്."

ഇതും പറഞ്ഞ് വൃദ്ധൻ പോകുമ്പോൾ ശ്യാംലാൽ പിന്നിൽനിന്ന് വിളിച്ചു "അയ്യോ, പോവല്ലേ. ഇവിടുന്ന് രക്ഷപ്പെടാൻ ഒരു വിദ്യ പറഞ്ഞിട്ട് പോകൂ.

"എന്നെയോ തന്നെയോപോലെ സമ്പത്തിനോട് അത്യാഗ്രഹമുള്ള ആരെങ്കിലും വരുമ്പോൾ തനിക്ക് ഇവിടുന്ന് രക്ഷപ്പെടാം". ഇത്രയും പറഞ്ഞിട്ട് വൃദ്ധൻ വേഗം നടന്നുപോയി.

അന്നുമുതൽ മറ്റൊരു അത്യാഗ്രഹിയെയും പ്രതീക്ഷിച്ചുകൊണ്ട് ശ്യാംലാൽ യന്ത്രം കറക്കിക്കൊണ്ടേയിരുന്നു.



# പ്രാർത്ഥനയിലെ പരമാർത്ഥത



സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകേണമേ; ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ; ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമെ; രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ.



ഈ കർത്തൃപ്രാർത്ഥനയിലെ ഒരോ പദവും എനിക്കു പ്രാഗത്ഭ്യത്തോടെ പറയാൻ കഴിയുമോ?

ആരുമായും ബന്ധമില്ലാത്ത വെള്ളം കടക്കാത്ത ഒരു ആത്മീക അറയിൽ ജീവിക്കുകയാണെങ്കിൽ എനിക്ക് ഞങ്ങളുടെ എന്നു പറയുവാൻ കഴിയുകയില്ല. ദൈനംദിനജീവിതത്തിൽ ആ ബന്ധം തെളിയിക്കാൻ കഴിയുന്നില്ലെങ്കിൽ പിതാവേ എന്ന് എനിക്കു വിളിക്കുവാൻ കഴിയുകയില്ല. ഭൂമിയിലുള്ള കാര്യങ്ങളിൽ ഞാൻ മുഴുകിയിരിക്കുകയും സ്വർഗ്ഗത്തിൽ നിക്ഷേപം കരുതിക്കൊള്ളാതിരിക്കുകയും ചെയ്താൽ സ്വർഗ്ഗസ്ഥനായ എന്നെനിക്കു പറയുവാൻ സാധ്യമല്ല. തന്റെ നാമത്തിൽ വിളിക്കപ്പെട്ടിരിക്കുന്ന ഞാൻ വിശുദ്ധനല്ലെങ്കിൽ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ എന്നെനിക്ക് എങ്ങനെ പറയുവാൻ കഴിയും?

എന്റെ കഴിവെല്ലാം ദൈവത്തിന്റെ വരവിനെ തിടുക്കപ്പെടുത്താൻ വിനിയോഗിക്കുന്നില്ലെങ്കിൽ എനിക്കു നിന്റെ രാജ്യം വരേണമേ എന്നു പറയുവാൻ കഴിയുകയില്ല. എന്നെക്കുറിച്ചുള്ള അവിടുത്തെ ഇഷ്ടത്തെ ചോദ്യം ചെയ്യുകയും മറുതലിക്കുകയും അനുസരിക്കാതിരിക്കുകയും ചെയ്താൽ നിന്റെ ഇഷ്ടം ആകണമേ എന്നെനിക്ക് എങ്ങനെ പറയുവാനാകും?

ഇവിടെ തന്റെ സേവനത്തിനായി എന്റെ ജീവിതത്തെ സമർപ്പിക്കുവാൻ ഞാൻ തയ്യാറല്ലെങ്കിൽ സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും എന്നെനിക്ക് പ്രാർത്ഥിക്കുവാൻ കഴിയുകയില്ല. ഭൂതകാല അനുഭവങ്ങളിലാണ് എന്റെ ജീവിതമെങ്കിൽ ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ എന്നു പറയുന്നതെങ്ങനെ?

ആർക്കെങ്കിലും എതിരെ ഒരു വിരോധം എന്നിലുണ്ടെങ്കിൽ ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോട് ക്ഷമിക്കേണമേ എന്നു പ്രാർത്ഥിക്കുക അസാധ്യമാണ്. പ്രലോഭനങ്ങൾ ഉണ്ടാകാവുന്ന ഒരു സ്ഥാനത്തു ഞാൻ മനഃപൂർവ്വം നിൽക്കുകയാണെങ്കിൽ ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ എന്ന് എനിക്കു പറയുവാൻ കഴിയുമോ? ആത്മികതലത്തിൽ ജീവിക്കുകയും പ്രാർത്ഥനയെന്ന ആയുധം ഉപയോഗിക്കുകയും ചെയ്യുന്നില്ലെങ്കിൽ ദുഷ്ടങ്കൽ നിന്നു വിടുവിക്കേണമേ എന്നെനിക്കു പ്രാർത്ഥിക്കുവാൻ സാധിക്കുകയില്ല. കൂറുള്ള ഒരു പ്രജയെന്ന നിലയിൽ സ്വർഗ്ഗീയരാജാവിനോട് ഞാൻ അച്ചടക്കവും അനുസരണവും കാട്ടുന്നില്ലെങ്കിൽ രാജ്യം നിനക്കുള്ളതല്ലോ എന്നു പറയുന്നതെങ്ങനെ?

മനുഷ്യർ എന്തുചെയ്യും, അയൽക്കാർ എന്തുചിന്തിക്കും എന്നെല്ലാമാണു ഞാൻ പേടിക്കുന്നതെങ്കിൽ ശക്തി നിനക്കുള്ളതല്ലോ എന്നു പറയുവാൻ എനിക്കു കഴിയുകയില്ല. സ്വന്തം മഹത്വമാണ് എന്റെ അന്വേഷണമെങ്കിൽ മഹത്വം നിനക്കുള്ളതല്ലോ എന്നെങ്ങനെ പറയുവാൻ കഴിയും? സമയബന്ധിതമായ കാര്യങ്ങളിൽ ഒതുങ്ങി നില്ക്കുന്ന ചക്രവാളമാണ് എനിക്കു ഉള്ളതെങ്കിൽ എന്നേക്കും എന്നു പറയുവാൻ എനിക്കു സാധ്യമല്ല.

ദൈവമേ, എന്നെ പരിശോധിച്ച് എന്റെ ഹൃദയത്തെ അറിയണമേ. എന്നെ പരീക്ഷിച്ച് എന്റെ വിചാരങ്ങൾ മനസ്സിലാക്കണമേ. വിനാശത്തിന്റെ മാർഗ്ഗത്തിലാണോ ഞാൻ ചരിക്കുന്നതെന്നു നോക്കണമേ. ശാശ്വതമാർഗ്ഗത്തിലൂടെ എന്നെ നയിക്കണമേ (സങ്കീ.139:23,24)



## ഞാനും എന്റെ കുടുംബവും



പേജ് 4 തുടർച്ച

പരിഗണിക്കുകയും തങ്ങളുടെ മക്കൾ നഷ്ടപ്പെട്ടു പോകാതവണ്ണം ഉത്തരവാദികളായിരിക്കുകയും വേണം.

ഈ ദുരവസ്ഥയ്ക്കു രണ്ടുകാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഒന്ന്, ആത്മീയ ശുശ്രൂഷകളുടെ ബാഹുല്യവും ബദ്ധപ്പാടും നിമിത്തം മക്കൾക്കു സമയം നൽകാൻ കഴിയാതെ വരുകയും തന്നിമിത്തം അവരുടെ ആത്മീയാരോഗ്യം അവഗണിക്കപ്പെടുകയും ചെയ്യുന്നു. രണ്ട്, മാതാപിതാക്കളുടെ പ്രസംഗവും പ്രവർത്തിയും തമ്മിലുള്ള അന്തരം മക്കൾ ശ്രദ്ധിക്കുകയും യാഥാർത്ഥ്യമില്ലാത്ത അവരുടെ പൊള്ളയായ ക്രിസ്തീയതയെ അവർ ഹൃദയം കൊണ്ട് വെറുക്കുകയും ചെയ്യുന്നു. ക്രമേണ, വേഷഭക്തിയിലധിഷ്ഠിതമായ ക്രിസ്തീയതയെ അവർ തള്ളിപ്പറയുകയും മറ്റു ചിലർ യാഥാർത്ഥ്യംവിട്ട് ലോകത്തിന്റെ വഴികളിലേക്കു തിരിയുകയും ചെയ്യുന്നു.

എന്നാൽ ആത്മീയ ശുശ്രൂഷകർ സ്വന്തകുടുംബത്തിന്റെ കാര്യങ്ങൾക്ക് അമിതമായ മുൻഗണന നൽകുകയും തദ്വാരാ ദൈവസഭയുടെ പ്രവൃത്തി അവഗണിക്കപ്പെടുകയും ചെയ്യാതെ സൂക്ഷിക്കേണ്ടതുണ്ട്. "മുമ്പേ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുക'യെന്ന പ്രമാണം (13) കൈവിട്ടുപോകാൻ പാടില്ല. ദൈവരാജ്യത്തിന്റെ വളർച്ചയും വ്യാപനവും നമ്മുടെ മുഖ്യ അജൻഡ ആയിരിക്കണം.

സ്വന്ത കുടുംബത്തിനാണോ അതോ ദൈവസഭയ്ക്കും ആത്മീയ ശുശ്രൂഷയ്ക്കുമാണോ മുൻഗണന എന്ന സംശയം ചിലർക്കുണ്ട്. നിങ്ങളുടെ കുടുംബത്തെ അവഗണിക്കാതെ തന്നെ ദൈവസഭയ്ക്കും ദൈവരാജ്യത്തിനും മുൻഗണന നല്കുകയാണ് വേണ്ടത്. ശരിയായ ഒരു സന്തുലിതാവസ്ഥയിൽ ഇവ രണ്ടും നിലനിർത്തേണ്ടതും ആവശ്യമാണ്. 'ഞാൻ ജീവിക്കുന്നത് എന്റെ കുടുംബത്തിനുവേണ്ടിയല്ല, കർത്താവിനുവേണ്ടിയാണ്; എന്നാൽ കുടുംബത്തിന്റെ ഉത്തരവാദിത്വം ഞാൻ തെല്ലും അവഗണിക്കുന്നില്ല' എന്നതായിരിക്കട്ടെ നിങ്ങളുടെ നിലപാട്.

ആകയാൽ പ്രിയ മാതാപിതാക്കളേ, മക്കളെ സംബന്ധിച്ച് നമുക്ക് വലിയ ഉത്തരവാദിത്വമുണ്ട്. സുവിശേഷകനോ, അപ്പോസ്തലനോ, പാസ്റ്ററോ, മൂപ്പനോ, വിശ്വാസിയോ ആരുമായിക്കൊള്ളട്ടെ നാം ഉണരേണ്ട സമയമായി. നമ്മുടെ മക്കളെ ദൈവഭക്തരായി ദൈവസന്നിധിയിൽ നിറുത്തുവാൻ നാം കടപ്പെട്ടവർ തന്നെയാണ്. തിരുവെഴുത്തിലെ മാതൃകയുള്ള മാതാപിതാക്കളിൽ നിന്ന് നമുക്ക് ഉത്തേജനവും വെല്ലുവിളിയും കൈക്കൊള്ളാം. മക്കൾക്കുവേണ്ടി ദൈവമുമ്പാകെ നിലവിളിക്കുകയും സ്വന്ത ജീവിതങ്ങളെ പുനക്രമീകരിക്കുകയും ചെയ്യാം. (തുടരും)



# വേദാഭിമാനിയുടെ മറുപടി

**എന്താണ് ശാസ്ത്രം? എന്താണ് ക്രിസ്തീയ വിശ്വാസം? ബിഗ്ബാങ് അസ്വീകാര്യമാകുന്നത് എന്തുകൊണ്ട്? പരിണാമത്തെ പുറന്തള്ളി സൃഷ്ടിവാദം-ദൈവവിശ്വാസം എന്തിനു സ്വീകരിക്കണം?**

- പ്രൊഫ.എസ്.ശ്രീകുമാർ, ശാസ്ത്രപരിഷത്ത്, ചൊവ്വല്ലൂർ, വിളപ്പിൽശാല, കാട്ടാക്കട



ശാസിക്കപ്പെട്ടത് എന്ന അർത്ഥത്തിൽ സംകൃത ഭാഷയിൽ ഉൽപ്പത്തിയുള്ള ഒരു പദമാണ് മലയാളത്തിൽ ശാസ്ത്രം. ഈ പദമുള്ള ശാസ്ത്രങ്ങളും, ആധുനിക ശാസ്ത്രവും ആയി വളരെ അർത്ഥ വ്യത്യാസമുണ്ട്.

കൊടാങ്കി ശാസ്ത്രം തൊട്ടു ഗൗളി ശാസ്ത്രം വരെയുള്ള ഇന്നു സ്യുഡോ സയൻസ് ഗണത്തിൽ പെടുന്നവയല്ല സയൻസ് എന്ന ഇംഗ്ലിഷ് പേരിൽ അറിയപ്പെടുന്ന ആധുനിക ശാസ്ത്രം.

അറിവ് എന്നർത്ഥമുള്ള ലാറ്റിൻ പദം 'സയന്റിയ' യിൽ നിന്നും ഉൽഭവിച്ച് ഫ്രഞ്ച് വഴി മധ്യകാല ഇംഗ്ലീഷിലെത്തി സയൻസ് ആയി രൂപം പ്രാപിച്ചതാണ്. ഈ പദം ഇന്ന് വെറും അറിവല്ല. 'ളോജി' എന്ന വാലോട് ചേരുന്ന പലതരം ശാസ്ത്രങ്ങളും അടങ്ങിയ, മനുഷ്യനെ മനുഷ്യനാക്കുന്ന എല്ലാ സങ്കേതിക വികാസത്തിന്റെയും അടിസ്ഥാനമായ ഒരു വലിയ ശാഖയാണിത്. ഇനി മുതൽ ശാസ്ത്രം എന്നിവിടെ ഉപയോഗിക്കുന്നതു ഈ അർത്ഥത്തിലാണ്.


നിരീക്ഷണം, അനുഭവം, ഇവയെ വസ്തുനിഷ്ഠ പരീക്ഷണത്തിലൂടെ ക്രമീകൃതമായ രീതിയിൽ പഠന വിധേയമാക്കുന്നതിനെയാണ് ശാസ്ത്രം എന്ന് വിവക്ഷിക്കുന്നത്. ഇതിനു ചില അടിസ്ഥാന പരിഗണനകളുണ്ട്. നിരീക്ഷണം അനുഭവം എല്ലാം തന്നെ എല്ലായ്പ്പോഴും സത്യമായിരിക്കണം എന്നില്ല, ഇവയുടെ യാഥാർത്ഥ്യം വെളിപ്പെടുത്തൽ കൂടെയാണ് ശാസ്ത്രം ചെയ്യുന്നത്. അതുകൊണ്ടുതന്നെ ശാത്രം ചില ക്രൈട്ടീരിയ അടിസ്ഥാനമാക്കുന്നു.

1. ആവർത്തന ക്ഷമത.
2. പരീക്ഷണ ക്ഷമത. (അഥവാ തെറ്റാണെന്ന് തെളിയിക്കാനുള്ള സാധ്യത)
3. ഫാൽസിഫയബയലിട്ടി
4. വസ്തുനിഷ്ഠ ആധികാരികത
5. വ്യക്തി ആധികാരിതാ നിഷേധം. (അതായത് ഒരു വ്യക്തിയെത്ര വലിയ ശാസത്രജ്ഞൻ ആയാലും അദ്ദേഹത്തിന്റെ വെറും പ്രസ്താവന ശാസ്ത്രമാവില്ല) ഇവയൊക്കെ തുടർന്ന് വരുന്ന ഭാഗങ്ങളിൽ സന്ദർഭാനുസരണം വ്യക്തമാക്കുന്നതാണ്.

## അൽപ്പം ശാസ്ത്രചരിത്രം

എല്ലോ, കല്ലോ ആദ്യത്തെ ആയുധമായത് മുതൽ മനുഷ്യൻ ശാസ്ത്രം ഉപയോഗിക്കാൻ തുടങ്ങി എന്ന് പറയാം. എങ്കിലും നാമിന്ന് ഉപയോഗിക്കുന്ന ശാസ്ത്രം പതിനേഴു പതിനെട്ടു നൂറ്റാണ്ടോടു കൂടി അഥവ യൂറോപ്യൻ ജ്ഞാനോദയ വിപ്ലവ ശേഷം വളർന്നതാണ് എന്ന് പറയാം.

പുരാതന ഗ്രീസിൽ പരീമെൻഡസ്സ്, സോക്രട്ടീസിനും മുൻപ് പ്രകൃതി ശാസ്ത്രത്തെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അതിനും ശേഷം മദ്ധ്യകാലത്ത് അരിസ്റ്റോട്ടിലും അതിനു ശേഷം ടോളമി, ഗലീലിയോ തുടങ്ങി ജ്ഞാനോദയകാലത്തു ജെക്കാർത്തയിലെത്തി. ജെക്കാർത്തയുടെ കാർട്ടേഷ്യൻ ഭൗതിക രീതി ന്യൂടോണിയൻ ഭൗതികത്തിനും തുടർന്ന് അതിന്റെ പരിമിതി മറികടന്നുകൊണ്ട് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ ഐൻസ്റ്റീനിലും ക്വാണ്ടം ഫിസിക്സിലും എത്തിനിൽക്കുന്നു.



ഇതിനിടയ്ക്ക് ശാസ്ത്രത്തിനും ചില വിപ്ലവത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും ഒക്കെ കടന്നു പോവേണ്ടി വന്നു. അതിൽ ഒർമ്മിക്കേണ്ട ഒരു പേരാണ് ബ്രൂണോയുടേത്. ഇന്ന് നമുക്ക് വളരെയെത്ഥുതം തോന്നുന്ന, ഭൂമി ഉരുണ്ടതാണ് എന്ന തത്വം പറഞ്ഞതിനു മാത്രം ജീവൻ കൊടുക്കേണ്ടി വന്ന ഒരു ശാസത്രജ്ഞനാണ് ബ്രൂണോ.

അതുപോലെ ഗലീലിയോ, ദൂരദർശിനിയും അതിലൂടെ ബ്രൂണോയുടെ ഉരുണ്ട ഭൂമിയുടെ തെളിവും നൽകിയതിനു മതവിചാരണ ചെയ്യപ്പെട്ട വ്യക്തി. ആദ്യകാലത്ത് ശാസ്ത്രം, ഫിലോസഫി എന്ന രീതിയിലാണ് ഉയർന്നു വന്നത്. കൂടാതെ കൃഷി, അതുപോലെ അസ്ട്രോണമിയൊക്കെയായിരുന്നു പ്രധാന പഠന വിഷയങ്ങളും.

അന്ന് അരിസ്റ്റോട്ടിലും മറ്റും തത്വശാസ്ത്രവും ഒപ്പം വിവിധ പ്രകൃതി വിജ്ഞാന മേഖലയിലുമൊക്കെ തങ്ങളുടെ പഠനം അറിവുകൾ പ്രകടമാക്കി. പക്ഷേ അതിലുണ്ടായ ഒരു പ്രധാന പ്രശ്നമായിരുന്നു അറിവിന്റെ അടിസ്ഥാനം എന്ത് എന്നത്? ഇത്തരം വ്യക്തികളുടെ ആധികാരികത ആയിരുന്നു പല സിദ്ധാന്തങ്ങളുടേയും അടിസ്ഥാനം.




വലിയ വസ്തുവും ചെറിയ വസ്തുവും ഒരേ ഉയരത്തിൽ നിന്നും താഴേക്കു വീണാൽ വലുത് ആദ്യം താഴെയെത്തുമെന്നും, സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ പല്ല് കുറവാണ് എന്നും, (രണ്ടു ഭാര്യമാർ ഉണ്ടായിരുന്ന അരിസ്റ്റോട്ടിൽ ഒരു ഭാര്യയുടെ വായയെങ്കിലും തുറന്നു എണ്ണി നോക്കാതെ പറഞ്ഞതും) ഒക്കെ അറുനൂറു വർഷത്തോളം ലോകത്ത് ചോദ്യം ചെയ്യാത്ത വസ്തുത ആയി നിലനിന്നു. ഇതിനൊക്കെ മാറ്റം വന്നതും എല്ലാം ചോദ്യം ചെയ്യുക എന്ന സ്കെപ്റ്റിക്കൽ ചിന്തയുടെ ഉദയം കുറിച്ചത് ജ്ഞാനോദയ കാലമാണ് എന്ന് പറയാം.

## നാല് ബലങ്ങളും മാനവരാശിയും

ചെറുപ്പം മുതലേ നാം കേട്ടുകൊണ്ടിരിക്കുന്നതാണ് പ്രപഞ്ചത്തിൽ നാല് അടിസ്ഥാന ബലങ്ങളുണ്ടെന്നും അവ

1.ഗ്രാവിറ്റി
2. വൈദ്യുതകാന്തികബലം
3. വീക്ക് ന്യൂക്ലിയാർ
4. സ്ട്രോങ്ങ് ന്യൂക്ലിയർ

ഓരോന്നിനും ഓരോ സമവാക്യങ്ങളുണ്ട്. നാം ഇന്ന് കാണുന്ന, ഉപയോഗിക്കുന്ന ഏത് സാങ്കേതിക വിദ്യ എടുത്താലും അതിന്റെ അടിസ്ഥാനം ഈ നാലിൽ ഒരു സമവാക്യം ആയിരിക്കും. അതിനപ്പുറം ഈ നാല് ബലങ്ങളെയും മാനവചരിത്രത്തോടൊപ്പം കൂട്ടിവായിക്കാൻ മിക്കവരും മെനക്കെടാറില്ല.



ഒന്നാമത്തെ ബലമായ ഗ്രാവിറ്റിയിൽ നിന്ന് നമുക്ക് തുടങ്ങാം. ന്യൂട്ടനും ആപ്പിളും എന്ന തട്ടിപ്പ് കഥയിൽ നിന്നാണ് ഗ്രാവിറ്റിയുടെ ചരിത്രം തുടങ്ങാറ്.

കഥ എന്തുമാകട്ടെ.. ഗ്രാവിറ്റി മൂലമാണ് ഭൂമിയിലേക്ക് വസ്തുക്കൾ ആകർഷിക്കപ്പെടുന്നതെന്ന കണ്ടെത്തൽ നിർണ്ണായകമായിരുന്നു. ആധുനിക മാനവ ചരിത്രത്തിന്റെ ഒന്നാം ഘട്ടം നിയന്ത്രിച്ച മാന്ത്രിക ബലം ആണ് ഗ്രാവിറ്റി.

'ന്യൂട്ടന്റെ ചലന സമവാക്യങ്ങൾ'-കേട്ടാൽ വളരെ നിസ്സാരം. പക്ഷെ പതിനാറാം നൂറ്റാണ്ടിൽ യുറോപ്പിൽ വ്യവസായിക വിപ്ലവം സൃഷ്ടിച്ചതും സൂര്യനസ്തമിക്കാത്ത സാമ്രാജ്യം അവർ കെട്ടിപടുത്തതും F=ma എന്ന ഈ കൊച്ചു സമവാക്യത്തിന്റെ പുറത്താണ്.

അങ്ങനെ രണ്ട് നൂറ്റാണ്ട് പിന്നിട്ടു. രണ്ടാമത്തെ ബലം ചുരുളഴിയപ്പെടുന്നത് മൈക്കൽ ഫാരഡെ എന്ന ശാസ്ത്രജ്ഞനിലൂടെയാണ്

## വൈദ്യുതകാന്തികബലം

അതിനു ശേഷം ലോകമൊട്ടുക്കും ആളുകൾ ഡാം കെട്ടി വൈദ്യുതി ഉണ്ടാക്കാൻ തുടങ്ങി. ലോകനഗരങ്ങൾ രാത്രിയേതാ പകലേതാ തിരിച്ചറിയാൻ പറ്റാത്ത വിധം പ്രകാശപൂരിതമായി. വീട് മൊത്തം ഇലക്ട്രിക് യന്ത്രം കൊണ്ട് നിറഞ്ഞു. ഇതാണ് മാനവ ചരിത്രത്തിന്റെ രണ്ടാം ഘട്ടം.

ഈ രണ്ട് ബലങ്ങളുടെ പൊരുൾ അനാവരണം ചെയ്യപ്പെട്ടതിലൂടെ ജീവിതം സുഖസമ്പൂർണമായി എങ്കിലും അപ്പോഴും മനുഷ്യന്റെ ഉള്ളിൽ നീറിപ്പുകയുന്ന ഒരു ചോദ്യം ഉത്തരം കിട്ടാതെ ബാക്കി ഇരിപ്പുണ്ടായിരുന്നു. 'ഈ കണ്ട സാധനങ്ങളൊക്കെ അടിസ്ഥാനപരമായി ഉണ്ടാക്കിയത് എന്ത് വസ്തു കൊണ്ടാണ്? അതായത് ആറ്റത്തെ ഇനിയും മുറിക്കനാകുമോ? ആ ഉത്തരം തേടിയുള്ള യാത്രയിലാണ് മൂന്നാമത്തെ ബലമായ വീക്ക് ന്യൂക്ലിയർ കണ്ടെത്തപ്പെടുന്നത്. റേഡിയോ ആക്റ്റീവിറ്റിക്ക് കാരണം വീക്ക് ന്യൂക്ലിയർ ബലം ആണ്. ഈ ബലത്തിന്റെ ഭീകരത ശരിക്കും അനുഭവിച്ചത് ഹിരോഷിമയിലെയും നാഗസാകിയിലെയും പാവങ്ങൾ ആയിരുന്നു. $E=mc^2$ എന്ന ഒറ്റ സമവാക്യം ഒറ്റയടിക്ക് തീർത്തത് ആയിരക്കണക്കിന് മനുഷ്യരുടെ ജീവിതം ആണ്.

അന്വേഷണത്വര മൂത്ത ചിലർ ആറ്റത്തിന്റെ ഉള്ളിലേക്ക് വീണ്ടും ഇറങ്ങി അടുത്ത ബലം കണ്ടെത്തി. "സ്ട്രോങ് ന്യൂക്ലിയാർ" അതായിരുന്നു ക്വാണ്ടം ഫിസക്സിന്റെ ഉദയം. സമാനതകളില്ലാത്ത മാറ്റങ്ങളാണ് ഈ കണ്ടെത്തൽ മാനവ ചരിത്രത്തിൽ ഉണ്ടാക്കിയത്. ഇലക്ട്രോണിക് ചിപ്പുകൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് ഡിജിറ്റൽ ഗാഡ്ജറ്റ്സ്..അങ്ങനെയങ്ങനെ... (തുടരും)

WEBSITE
vedabhimani.com
FACE BOOK
vedabhimani
MAIL
vedabhimani@gmail.com
You Tube
vedabhimani.com

# VEDABHIMANI

EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 July: 2023 at RMS Kayamkulam
Published on Ist July: 2023
RNI Registered No. KERMAL/2002/7361

## മഞ്ഞനദിയിലെ വെള്ളപ്പൊക്കം



പണ്ട് ചൈനയിലെ ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നായിരുന്നു “മഞ്ഞനദി’ എന്നു വിളിക്കുന്ന ഹ്വാങ് ഹി നദിയിലെ വെള്ളപ്പൊക്കം. നദി കരകവിഞ്ഞ് വലിയ നാശനഷ്ടങ്ങൾ വരുത്തിവയ്ക്കുന്നത് പതിവായിരുന്നു. വീടുകളും വയലുകളും നശിക്കും. ആളുകൾ കഷ്ടത്തിലാവും അങ്ങനെയിരിക്കെ ഷൻ എന്ന ചക്രവർത്തി തന്റെ മന്ത്രിമാരിൽ ഒരാളായ യു എന്ന യുവാവിനെ ആ ചുമതല ഏല്പിച്ചു. വെള്ളപ്പൊക്കം തടയാൻ വേണ്ടതു ചെയ്യുക.

ചുമതല ഏറ്റെടുത്ത യു വീടുപോലും ഉപക്ഷിച്ച് നാട്ടിലേക്ക് തിരിച്ചു. കഠിനാധ്വാനം ചെയ്ത് മഞ്ഞനദിയിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ യു വിനു കഴിഞ്ഞു. അതിനിടെ പതിമൂന്ന് വർഷം കടന്നുപോയിരുന്നു. അതിനിടെ യു ഒരിക്കൽപ്പോലും സ്വന്തം വീട്ടിൽ പോയില്ല. ഭക്ഷണവും താമസവുമെല്ലാം നദിക്കടുത്ത്. ജോലിക്കാരോടൊപ്പം ചുമതല ഭംഗിയായി ചെയ്തുതീർത്ത യു വനെ കാണാൻ ചക്രവർത്തി തന്നെ എത്തി. അപ്പോഴാണ് അദ്ദേഹം അറിഞ്ഞത്, യു താമസിക്കുന്നത് നദിയുടെ തീരത്തിനടുത്താണ് – വെള്ളപ്പൊക്കം വരുമ്പോൾ മുങ്ങുന്ന പ്രദേശത്ത്.

“കുറേക്കൂടി ഉയർന്ന പ്രദേശത്ത് താമസ സ്ഥലം ഒരുക്കാമായിരുന്നില്ലേ?’’ ചക്രവർത്തി ചോദിച്ചു. അപ്പോൾ യു പറഞ്ഞു: “പ്രഭോ, വെള്ളപ്പൊക്കത്തിൽ നിന്ന് ജനങ്ങളെ രക്ഷിക്കാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ ഞാൻ അവരുടെ കൂടെ നിന്ന് പ്രശ്നങ്ങൾ മനസ്സിലാക്കണ്ടേ? ആ സമയത്ത് ഉയർന്ന സ്ഥലത്ത് പോയി താമസിച്ചാൽ അതിനർഥം വെള്ളപ്പൊക്കം ഇനിയും വരുമെന്ന് ഞാൻ സംശയിക്കുന്നു എന്നല്ലേ? അതായത്, ചെയ്ത ജോലിയിൽ എനിക്കു തന്നെ വിശ്വാസമില്ല എന്ന്?”

ആത്മാർഥത നിറഞ്ഞ ആ വാക്കുകൾ കേട്ട് ചക്രവർത്തിക്ക് വലിയ സന്തോഷമായി. യുവിനെ അദ്ദേഹം തന്റെ പിൻഗാമിയായി വാഴിക്കുകയും ചെയ്തു.




☺ സ്ത്രീസമത്വവാദവും അവരുടെ നിലപാടുകളും തിരുത്തപ്പെടേണ്ടതുണ്ടോ?

ഈപ്പൻ ഫിലിപ്പ്, കുഴിമറ്റം, പരുന്തുംപാറ, കോട്ടയം

☹ ***കള്ളു കുടിച്ച് കൂത്താടിയും തെറി വിളിച്ചുമല്ല, ധാർമ്മികതയും മൂല്യങ്ങളുമാണ് അവരെ ജീവിതോന്നതിയിൽ എത്തിക്കുന്നത്.***

☺ മതമേതായാലും മനുഷ്യൻ നന്നായാൽ പോരെ?

കെ.എം.ഏലിയാസ്, നടക്കാവ്, ഉദയംപേരൂർ, എറണാകുളം.

☹ ***മനുഷ്യൻ ആരായാലും കുഴപ്പമില്ല. ദൈവത്തിനൊപ്പം നിന്നാൽ മതി.***

☺ പുരോഹിതന്മാരുടെ രാഷ്ട്രീയ നിലപാടുകൾ കുഞ്ഞാടുകൾക്ക് സ്വീകാര്യമോ?

പി.എം.കോശി, മൂലപ്പാടം, ചതകുന്ന്, നിലമ്പൂർ

☹ ***ദൈവം പറഞ്ഞിട്ടു കേൾക്കാത്ത കുഞ്ഞാടുകൾ***

☺ ഇന്ന് ജനാധിപത്യ നിർവ്വചനത്തിൽ മാറ്റം വന്നിട്ടുണ്ടോ?

ജോർജ്ജ് വടക്കേകുറ്റ്, പുലിവേലിൽ, പയ്യനാമൺ,കോന്നി.

☹ ***ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നവർ ജനങ്ങളുടെ മേൽ ആധിപത്യം നടത്തുന്നതാണ് ഇന്നത്തെ ജനാധിപത്യം.***

☺ നമ്മുടെ നിയമത്തിൽ നീതിയും ന്യായവും ലഭിക്കണമെങ്കിൽ?

മോളമ്മ സത്യൻ, വേങ്ങൂർ, വാളകം, ആയൂർ

☹ ***ഒരുപാട് നാണയങ്ങൾ ഇറക്കേണ്ടിവരും***

☺ ലോട്ടറി അടിക്കുമെന്ന് എന്നോട് ഒരു പ്രവാചകൻ.?

ഷാജി ഉമ്മൻ, കമലേശ്വരം, മണക്കാട്, തിരുവനന്തപുരം

☹ ***പ്രവാചകന് ഒരു “അടി” ഭാഗ്യത്തിന്റെ കുറവുണ്ട്.***

☺ മാനസിക സന്തോഷം വാഗ്ദാനം ചെയ്യുന്ന സഭകളെക്കുറിച്ച് എന്തു പറയുന്നു?

പി.എം.യോഹന്നാൻ, തെങ്ങിൻകാവ്, മല്ലശ്ശേരി, പത്തനംതിട്ട

☹ ***വിനോദസഞ്ചാരസഭ***



## സൈബർ കോൺട്രിയ

ഏതെങ്കിലും രോഗത്തെപ്പറ്റി ഗൂഗിളിൽ നിന്നു കിട്ടുന്ന വിവരങ്ങളെ അമിതമായി വിശ്വസിക്കുകയും പിന്നെ അതാലോചിച്ചു മനഃസമാധാനം നഷ്ടപ്പെട്ട് ജീവിക്കേണ്ടിയും വരുന്ന അവസ്ഥയാണ് ‘സൈബർ കോൺട്രിയ’. എന്തെങ്കിലും രോഗലക്ഷണങ്ങൾ ഗൂഗിളിന് കൊടുത്തിട്ട് ഗൂഗിൾ പറയുന്ന കൊട്ടക്കണക്കിന് രോഗങ്ങളിൽ ‘അതാണോ, അല്ലേലിതാണോ’ തന്റെ രോഗമെന്ന് കൺഫ്യൂഷനടിച്ച് ജീവിക്കുന്നതിൽ പ്രത്യേക തൽപ്പരരായിരിക്കും ഇത്തരക്കാരിലെ ഒരു വിഭാഗം. ശരിക്കും പറഞ്ഞാൽ ഒരസുഖവും കാണത്തുമില്ല.



വേറൊരു വിഭാഗക്കാർ ഡോക്ടർമാരെ ചോദ്യം ചോദിച്ച് വധിക്കുന്ന ഹോബിയുള്ളവരാണ്. ഗൂഗിൾ ചെയ്താൽ കിട്ടുന്ന നൂറായിരം കാര്യങ്ങളിൽ ചിലതൊക്കെ വായിച്ചിട്ട് ആദ്യം സ്വയം ആശയക്കുഴപ്പത്തിലാകും. പിന്നെ കൂടെയുള്ളവരെ ആശയക്കുഴപ്പത്തിലാക്കും. ആശുപത്രിയിൽ വന്നാൽ സംശയത്തോട് സംശയമാണ്. ഡോക്ടറുടെ വായിലെ വെള്ളം വറ്റുന്നതുവരെ വിശദീകരിച്ചാലും ഇത്തരക്കാർക്ക് സംശയം തീരില്ല.

മൂന്നാമത്തെ വിഭാഗമാണ് ബഹുരസം. ചികിത്സിക്കാനേ സമ്മതിക്കത്തില്ല. മെഡിക്കൽ കോളജിൽ ഒരു രോഗിയുണ്ടായിരുന്നു, അഞ്ചോളം ആശുപത്രികളിൽ പോയിട്ട് അസംതൃപ്തയായി ഒടുവിൽ അവിടെ എത്തിച്ചേർന്നതാണ്. കണ്ട ഡോക്ടർമാരെല്ലാം അവർക്ക് ഓപ്പറേഷൻ വേണമെന്ന് പറഞ്ഞു. പക്ഷെ ഗൂഗിൾ ഒരുവിധത്തിലും സമ്മതിക്കുന്നില്ല. ഗൂഗിൾ പറയുന്നത് ഓപ്പറേഷനില്ലാതെയും നോക്കാമെന്നാണ്.

ഓപ്പറേഷൻ നടത്തിയാൽ കുറേ പ്രശ്നങ്ങളുണ്ടെന്നും മരണം വരെ സംഭവിക്കാമെന്നും ഗൂഗിൾ പറഞ്ഞു. ഒടുവിൽ അവരെ ഡിസ്ചാർജ് ചെയ്ത് വിട്ടു. ഇപ്പോഴും അവർ ഗൂഗിൾ പറയുന്നപോലെ ചിന്തിക്കുന്ന ഡോക്ടറെ തേടി അലയുകയാവും. ഒരുപക്ഷെ ജീവിച്ചിരിപ്പുണ്ടോ എന്നുതന്നെ സംശയം. അത്യാവശ്യത്തിന് ഗൂഗിൾ ചെയ്ത് അറിവു തേടുന്നതിൽ തെറ്റില്ല. പക്ഷെ അവിടെ വരുന്നതെല്ലാം ആധികാരികമാണന്നു കരുതരുത്. ഒരേ ലക്ഷണങ്ങളുള്ള നൂറോളം രോഗങ്ങളുണ്ടാവും. ഒരേ രോഗത്തിനുതന്നെ ചികിത്സ പല രോഗികളിൽ പലതായിരിക്കും. ചികിത്സിക്കുന്ന ഡോക്ടറെയാണ് ഗൂഗിളിനേക്കാൾ വിശ്വസിക്കേണ്ടത്. ഒരു സെക്കൻഡ് ഒപ്പീനിയൻ എടുക്കണമെങ്കിൽ വിദഗ്ധരായ മറ്റേതെങ്കിലും ഡോക്ടറെ സമീപിക്കുക. അതാണു ശരി.



## സുഖമായി ഉറങ്ങൂ

ഒരു രാത്രി ഹേഗിലെ ബ്രിട്ടീഷ് അംബാസഡർ സർ ബുൾസ്ട്രോഡ് വൈറ്റ് ലോക്ക് തന്റെ രാജ്യത്തെക്കുറിച്ചുള്ള ചിന്താഭാരം മൂലം ഉറക്കം വരാതെ കിടക്കുകയാണ്. തന്റെ യജമാനൻ തിരിഞ്ഞും മറിഞ്ഞും കിടക്കുന്നതല്ലാതെ ഉറങ്ങുന്നില്ലെന്നു മനസ്സിലാക്കിയ വിശ്വാസിയായ ഭൃത്യൻ അദ്ദേഹത്തോടു ചോദിച്ചു:

“സർ, ഞാൻ ഒരു കാര്യം ചോദിക്കട്ടെ. അങ്ങു ജനിക്കുന്നതിനു മുൻപ് ആരാണ് ഈ ലോകത്തെ ഭരിച്ചിരുന്നത്?”

“സംശയമെന്ത്? ദൈവം”

“അങ്ങയുടെ മരണശേഷവും ഈ ലോകം മുന്നോട്ടു പോകുമല്ലോ, അപ്പോൾ ആരായിരിക്കും ലോകത്തെ ഭരിക്കുന്നത്?”

സംശയമെന്താ? “ദൈവം തന്നെ.”

“എങ്കിൽ സാർ ഞാൻ ഒന്നുകൂടി ചോദിക്കട്ടെ. ഇന്ന് ഈ ലോകത്തെ ആരാണ് യഥാർത്ഥത്തിൽ ഭരിക്കുന്നത്?”

“സത്യത്തിൽ ദൈവമാണു ഭരിക്കുന്നത്?”

“എങ്കിൽ പിന്നെ അങ്ങെന്തിനാ ഉറക്കമൊഴിക്കുന്നത് സ്വസ്ഥമായി ഉറങ്ങിക്കൂടെ?”

സർ വൈറ്റ് ലോക്കിന് പുതിയൊരു വെളിച്ചം കിട്ടി. അദ്ദേഹം എല്ലാം ദൈവത്തിൽ ഭരമേല്പിച്ചിട്ടു സുഖമായി ഉറങ്ങി.

“ആധിപത്യം അവന്റെ തോളിൽ...” (യെശയ്യാവ് 9:6)




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516. Printed at St. Paul’s Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally